പുസ്തകം 4. 1128 മിഥുനം. ലക്കം 3.

UNIVERSITY LIBRARY
22 JUL 1953
MADRAS

# തുഞ്ചത്തെഴുത്തച്ഛൻ

## ഭീഷ്മർ*

(പി. ഇ. ഭാസ്കർ ശാസ്ത്രി—ഭാരതീയസംസ്കാരസംഘം)

മഹാത്മാവായ ഭീഷ്മർ കുരുവംശത്തിൽ പ്രസിദ്ധനായ ശന്തനു മഹാരാജാവിൻെറ പുത്രനായിരുന്നു. അദ്ദേഹത്തിൻെറ അമ്മയായിരുന്നു ഗംഗാദേവി. അഷ്ടവസുക്കളിൽ ദ്യോവ് എന്ന ദേവതയാണു വസിഷ്ഠമഹർഷിയുടെ ശാപത്താൽ ഭീഷ്മരായി അവതരിച്ചതെന്നാണ് പ്രസിദ്ധി. ഇദ്ദേഹം കൌമാരാവസ്ഥയിൽതന്നെ വേദവേദാംഗാദികളും അസ്ത്രപ്രയോഗവും അഭ്യസിച്ചു. അസ്ത്രാഭ്യാസകാലത്തു് ഇദ്ദേഹം ഒരിക്കൽ അവയുടെ പ്രഭാവത്താൽ ഗംഗാപ്രവാഹംപോലും തടഞ്ഞിട്ടുണ്ടു്. ബാല്യകാലത്തു ജനങ്ങൾ ഇദ്ദേഹത്തെ ദേവവ്രതൻ എന്നാണു പറഞ്ഞിരുന്നതു്.

ഒരിക്കൽ ശന്തനു മഹാരാജാവു വനത്തിൽ ഉലാത്തിക്കൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ അദ്ദേഹത്തിൻെറ ദൃഷ്ടി കൈവർത്തരാജാവിൻെറ പുത്രിയായ സത്യവതി എന്ന സുന്ദരിയിൽ പതിയുകയും അവളിൽ ആസക്തനാകുകയുംചെയ്തു. അദ്ദേഹം അവളെ വിവാഹം കഴിക്കാനാഗ്രഹിച്ചു. സത്യവതി ഒരു രാജകന്യകയായിരുന്നുവെങ്കിലും കൈവർത്തരാജാവിൻെറ ഗൃഹത്തിലാണു വളർന്നുവന്നതു്. കൈവർത്തരാജാവു് മകളുടെ വിവാഹത്തെക്കുറിച്ചു് മററു രാജാക്കന്മാരോടു് ഒരു വ്യവസ്ഥ ചെയ്തിരുന്നു. അവളുടെ ഗർഭത്തിൽനിന്നും ജനിക്കുന്ന പുത്രൻ രാജ്യത്തിന്നവകാശിയായിരിക്കണമെന്നതായിരുന്നു വ്യവസ്ഥ. ശന്തനുമഹാരാജാവു് അദ്ദേഹത്തിൻെറ വ്യവസ്ഥ സ്വീകരിച്ചില്ലയെങ്കിലും അദ്ദേഹത്തിന്നു ഈ കന്യകയെപ്പററി വിസ്മരിക്കാൻ കഴിഞ്ഞില്ല. അതിനാൽ

---

* ഹിന്ദിയിൽനിന്നു്.

അവളെ ലഭിക്കുന്നതിനുള്ള വഴി ആലോചിച്ചു ദുഃഖിച്ചുകൊണ്ടിരുന്നു.

അച്ഛന്റെ ദുഃഖകാരണം മനസ്സിലാക്കിയ ദേവവ്രതൻതന്നെ, കൈവൎത്തരാജാവിന്റെ അടുത്തു പോകുകയും തന്റെ പിതാവിനുവേണ്ടി അദ്ദേഹത്തിന്റെ കന്യകയെ ആവശ്യപ്പെടുകയും ചെയ്തു. ദേവവ്രതൻ ആ രാജാവിന്റെ വ്യവസ്ഥ സ്വീകരിച്ചു് "ഇവളുടെ ഗൎഭത്തിൽനിന്നും ജനിക്കുന്ന പുത്രൻ ഞങ്ങളുടെ രാജാവായിരിക്കും" എന്നു് എല്ലാവരുടേയും മുൻപിൽവെച്ചു പ്രതിജ്ഞചെയ്തു. ഇത്രയായിട്ടും കൈവൎത്തരാജാവു് തൃപ്തനായില്ല. സന്തുഷ്ടനായില്ല. ദേവവ്രതന്റെ വാക്കു് ഒരിക്കലും മററാരു വിധത്തിൽ ആകുകയില്ല. എന്നാൽ അദ്ദേഹത്തിന്റെ പുത്രൻ രാജ്യാധികാരിയായി വരാമല്ലൊ എന്നതായിരുന്നു കൈവൎത്തരാജാവിന്റെ വിചാരം. ബുദ്ധിമാനായ ദേവവ്രതൻ അദ്ദേഹത്തിന്റെ അഭിപ്രായമറിഞ്ഞപ്പോൾ "ജീവിതം മുഴുവൻ ബ്രഹ്മചര്യം പാലിക്കുന്നതാണെ"ന്നു് ഉഗ്രമായ മററൊരു പ്രതിജ്ഞകൂടി ചെയ്തു. ബാലനായ ദേവവ്രതന്റെ ഈ ഉഗ്രപ്രതിജ്ഞ കേട്ടു് അമരന്മാർ പൂമഴചൊരിഞ്ഞു. അതിനുശേഷമാണു് അദ്ദേഹത്തെ ജനങ്ങൾ ഭീഷ്മരെന്നു വിളിച്ചുതുടങ്ങിയതു്. അദ്ദേഹം സത്യവതിയെ കൊണ്ടുപോയി തന്റെ പിതാവിനെ ഏല്പിച്ചു. ഭീഷ്മരുടെ ഈ ദുഷ്കരമായ കൎമ്മമറിഞ്ഞു ശന്തനുമഹാരാജാവു് വളരെ സന്തോഷിക്കുകയും തന്റെ പുത്രനു് ഇഷ്ടമുള്ളപ്പോൾ മരിക്കുന്നതിനുള്ള ശക്തി വരമായി കൊടുക്കുകയും ചെയ്തു. ഇപ്രകാരം ഭീഷ്മർ ചെറുപ്പംമുതൽതന്നെ അച്ഛന്റെ ആഗ്രഹം പൂൎത്തിയാക്കുന്നതിനു് ലോകരുടെ മുൻപിൽ അലൌകികമായ ത്യാഗത്തിന്റെ ഉത്തമമാതൃകയാണു്. ഏതു രാജ്യത്തിന്നു വേണ്ടിയാണോ തന്റെ രണ്ടു പരമ്പരക്കു ശേഷം ആ പരമ്പരയിലെ പുത്രപൌത്രാദികൾ തമ്മിൽ, തന്റെ സാന്നിദ്ധ്യത്തിൽതന്നെ, ഭയങ്കരയുദ്ധം നടത്തിയതു് ആ രാജ്യത്തെ അദ്ദേഹം ഉടനടി തന്റെ പിതാവിന്റെ ഒരാഗ്രഹത്തിനുവേണ്ടി ത്യജിച്ചു. ഏതൊരു കാമിനീകാഞ്ചനത്തിന്നുവേണ്ടിയാണോ ലോകചരിത്രത്തിൽ എത്ര എത്ര ശിരച്ഛേദങ്ങൾ ഉണ്ടായിട്ടുണ്ടെന്നും, എത്ര രാജ്യങ്ങൾ പരസ്പരം ധ്വംസിച്ചിട്ടുണ്ടെന്നും അറിഞ്ഞുകൂടാത്തതു്, അവയെ എന്നെന്നേക്കുമായി തൃണസമാനം ത്യജിച്ച ഇദ്ദേഹം ഒരു വിരക്തനായ ഒരു മഹാത്മാവിനേപ്പോലെ നിലകൊണ്ടു. നോക്കുക! അദ്ദേഹത്തിന്റെ പിതൃഭക്തി എത്ര ശ്രേഷ്ഠമായിരിക്കുന്നു.

സത്യവതിയിൽ ശന്തനു മഹാരാജാവിന് രണ്ടു പുത്രന്മാർ ജനിച്ചു. അവരിൽ ജ്യേഷ്ഠൻ ചിത്രാംഗദനും അനുജൻ വിചിത്രവീര്യനും ആയിരുന്നു. ചിത്രാംഗദനു പ്രായപൂർത്തിയാകുന്നതിനു മുൻപുതന്നെ ശന്തനു മഹാരാജാവു് പരലോകം പ്രാപിച്ചു. ചിത്രാംഗദൻ രാജാവായെങ്കിലും അല്പദിവസങ്ങൾക്കു ശേഷം ഗന്ധർവ്വന്മാരുമായി യുദ്ധംചെയ്തു മരിച്ചു. അപ്പോൾ വിചിത്രവീര്യനും ബാലനായിരുന്നതിനാൽ ഭീഷ്മരുടെ മേൽനോട്ടത്തിൽ രാജ്യഭരണം നടത്തിവന്നു. കുറേനാൾ കഴിഞ്ഞു ഭീഷ്മർ വിചിത്രവീര്യന്റെ വിവാഹത്തെപ്പററി ആലോചിച്ചു. അക്കാലത്തു് കാശിരാജാവിന്റെ മൂന്നു കന്യകമാരുടെ വിവാഹം നടക്കുന്നുണ്ടായിരുന്നു. ഭീഷ്മർതന്നെ രഥത്തിൽ യാത്രചെയ്തു് കാശിയിൽ എത്തി. അദ്ദേഹത്തിന്റെ സഹോദരനുവേണ്ടി ബലാൽകാരേണ കന്യകമാരേയും അപഹരിച്ചുകൊണ്ടു ഹസ്തിനപുരിയിൽ വന്നു. അനന്തരം വിവാഹത്തിന്നു വന്നുചേർന്ന സകല രാജാക്കന്മാരും ഭീഷ്മരോടു എതിർത്തുവെങ്കിലും അവരുടെ യാതൊരു വിദ്യയും ഫലിച്ചില്ല. അദ്ദേഹം ഏകാകിയായി സകലരേയും തോല്പിക്കുകയും കന്യകമാരെ കൊണ്ടുപോയി വിചിത്രവീര്യനെ ഏല്പിക്കുകയുംചെയ്തു. അന്നു് ലോകത്തിന്നു അദ്ദേഹത്തിന്റെ അലൌകികമായ പരാക്രമത്തേയും അസ്ത്രപ്രയോഗസാമർത്ഥ്യത്തേയുംപററി ആദ്യമായി പരിചയം സിദ്ധിച്ചു.

ഭീഷ്മർ കൊണ്ടുവന്ന മൂന്നുകന്യകമാരിൽ ജ്യേഷ്ഠത്തിയായ അംബാ സ്വമനസ്സാലെ സാല്വമഹാരാജാവിനെ വരിച്ചിരുന്നു. ഈ വിവരമറിഞ്ഞ ഭീഷ്മർ അംബയെ അവിടെനിന്നും പറഞ്ഞയക്കുകയും മററു രണ്ടു കന്യകമാരേയും വിചിത്രവീര്യനെക്കൊണ്ടു വിവാഹം ചെയ്യിക്കുകയുംചെയ്തു. എന്നാൽ വിചിത്രവീര്യൻ അധികനാൾ ജീവിച്ചില്ല. വിവാഹാനന്തരം കുറച്ചുവർഷങ്ങൾ കഴിഞ്ഞു് ക്ഷയരോഗം പിടിപെട്ടു് മരിച്ചു. വിചിത്രവീര്യനു് സന്താനങ്ങൾ ഒന്നും ഉണ്ടായില്ല. തൽഫലമായി കുരുവംശത്തിന്റെ വിനാശകാലം അടുത്തു.

ഭീഷ്മർ ആഗ്രഹിച്ചാൽ അദ്ദേഹത്തിന്നു നിഷ്പ്രയാസം രാജ്യാധികാരിയാകാൻ കഴിയുമായിരുന്നു. പ്രജകൾ അദ്ദേഹത്തിനു അനുകൂലികളായിരുന്നു. വംശരക്ഷാർത്ഥം വിവാഹം കഴിക്കുന്നതിനും അദ്ദേഹത്തിനു് യാതൊരു ബുദ്ധിമുട്ടുമുണ്ടായിരുന്നില്ല! എന്നാൽ വലിയ പ്രലോഭനങ്ങൾക്കും ആവശ്യങ്ങൾക്കും ഭീഷ്മരെ തന്റെ പ്രതി

ജ്ഞയിൽനിന്നു മാററാൻ കഴിഞ്ഞില്ല. സത്യവതിയുടെ അച്ഛനോടുചെയ്ത പ്രതിജ്ഞയെ ഓൎമ്മിപ്പിച്ചുകൊണ്ടു ഒരിക്കൽ അദ്ദേഹം ഇപ്രകാരം പറഞ്ഞിട്ടുണ്ടു്. "എനിക്കു മൂന്നു ലോകത്തേയും ബ്രഹ്മപദവിയേയും എല്ലാററിലും വലുതായ മോക്ഷത്തെപ്പോലും ഉപേക്ഷിക്കാൻ കഴിയും എന്നാൽ സത്യത്തെ ഉപേക്ഷിക്കാൻ സാദ്ധ്യമല്ല. പഞ്ചഭൂതങ്ങൾ അവയുടെ ഗുണങ്ങളെ ഉപേക്ഷിച്ചുകൊള്ളട്ടെ; ചന്ദ്രൻ കുളൎമ്മയെയും ധൎമ്മരാജാവു് ധൎമ്മത്തേയും ഉപേക്ഷിച്ചുകൊള്ളട്ടെ; എന്നാലും എനിക്കു എന്റെ സത്യപ്രതിജ്ഞയെ ഉപേക്ഷിക്കുന്നതിനു വിചാരിക്കാൻപോലും സാധിക്കുന്നതല്ല." പ്രതിജ്ഞ പാലിക്കേണ്ടതു ഈ വിധത്തിലാണു്.

അംബയെ സാലപൻ സ്വീകരിച്ചില്ല. അവൾ അവിടത്തേയും ഇവിടത്തേയും അല്ലാതായി. ലജ്ജകൊണ്ടു് അവൾക്കു പിതൃഗൃഹത്തിലും പോകാൻ നിവൃത്തിയില്ല. തന്റെ ഈ ദുരവസ്ഥയുടെ കാരണം ഭീഷ്മരാണെന്നു മനസ്സിലാക്കിയ അവൾ അദ്ദേഹത്തെ മനസ്സുകൊണ്ടു ശപിക്കുകയും അദ്ദേഹത്തോടു് പകരം ചോദിക്കാനുള്ള വഴി ആലോചിക്കുകയും ചെയ്തു. തന്റെ മുത്തച്ഛനും രാജൎഷിയുമായ ഹോത്രവാഹനന്റെ അഭിപ്രായപ്രകാരം അവൾ ജമദഗ്നിപുത്രനായ പരശുരാമനെ ശരണം പ്രാപിക്കുകയും അദ്ദേഹത്തോടു തന്റെ ദുഃഖകാരണങ്ങൾ പറഞ്ഞുകേൾപ്പിക്കുകയും ചെയ്തു. ഭീഷ്മർ അസ്ത്രവിദ്യ അഭ്യസിച്ചതു് പരശുരാമനിൽനിന്നാണു്. അദ്ദേഹം ഭീഷ്മരെ കുരുക്ഷേത്രത്തിൽ വിളിച്ചു ഇപ്രകാരം പറഞ്ഞു. "നിങ്ങൾ ഈ സ്ത്രീയെ സ്പൎശിച്ചതിനാൽ അവൾ ദോഷപ്പെട്ടുപോയി. ആ കാരണത്താൽ സാലപൻ ഇവളെ സ്വീകരിച്ചില്ല. അതുകൊണ്ടു നിങ്ങൾതന്നെ ഈ സ്ത്രീയെ വിധിപൂൎവ്വം വിവാഹം ചെയ്യണം." ഭീഷ്മർ അദ്ദേഹത്തിന്റെ വാക്കനുസരിച്ചില്ല. ഈ കന്യകതന്നെ "ഞാൻ സാലപന്റെ സ്വന്തമായികഴിഞ്ഞു" എന്നു് എന്നോടു പറഞ്ഞിട്ടുണ്ടു്. ഈ സ്ഥിതിയ്ക്കു ഞാൻ അവളെ എങ്ങിനെ സ്വീകരിക്കും? ഒരു ധൎമ്മനിഷ്ഠനു് അന്യ പുരുഷനെ പ്രേമിക്കുന്നവളെ എങ്ങിനെ വച്ചുകൊണ്ടിരിക്കാൻ കഴിയും" എന്നു അദ്ദേഹം ചോദിച്ചു. ഇതുകേട്ടു് പരശുരാമൻ ക്രുദ്ധനായി, "ഭീഷ്മ! ഞാൻ ഇരുപത്തിയൊന്നു തവണ ക്ഷത്രിയവംശത്തെ നശിപ്പിച്ചു ഭൂമിയുടെ ഭാരത്തെ കുറച്ചുവെന്ന സംഗതി നിനക്കറിഞ്ഞുകൂടേ?" എന്നു ചോദിച്ചു. അതിനുത്തരമായി "ഗുരോ! അന്നു ഭീഷ്മർ ജനിച്ചിട്ടുപോലും ഉണ്ടായിരുന്നില്ല" എന്നു് ഭീഷ്മർ പറഞ്ഞു. ഇതു കേട്ടു് അദ്ദേഹം

ഭീഷ്മരെ യുദ്ധത്തിന്നു വെല്ലുവിളിച്ചു. ഭീഷ്മർ ആ വെല്ലുവിളിയെ സ്വീകരിച്ചു. പിന്നീടുണ്ടായതു ഗുരുശിഷ്യന്മാർ തമ്മിൽ നടത്തിയ ഭയങ്കരയുദ്ധമായിരുന്നു. ആ യുദ്ധം ഇരുപത്തിമൂന്നു ദിവസത്തോളം നീണ്ടുനിന്നു. എന്നിട്ടും ആരും തോൽവി സമ്മതിച്ചില്ല. ഒടുവിൽ ദേവന്മാരും മഹർഷിമാരും ഇടക്കുകയറി യുദ്ധം അവസാനിപ്പിച്ചു. ഇപ്രകാരം ഭീഷ്മർ തന്റെ ഗുരുവിന്റെ വാക്കുപോലും വകവെക്കാതെ സത്യത്തെ രക്ഷിക്കുന്നതിനും അതുപോലെ തന്റെ അത്ഭുതപരാക്രമംകൊണ്ടു പരശുരാമനെപ്പോലെയുള്ള അദ്വിതീയ വില്ലാളിവീരന്മാരുടേയുംകൂടി ധൈര്യത്തെ ക്ഷയിപ്പിക്കുന്നതിനും സാധിച്ചു. സത്യപ്രതിജ്ഞ വീരത്വത്തിന്റെ പരമകാഷ്ഠയിൽ എത്തിച്ചേർന്നു ഭീഷ്മരിൽ.

മഹാഭാരതയുദ്ധത്തിൽ കൌരവപക്ഷത്തിലെ സർവ്വശ്രേഷ്ഠനായ വില്ലാളി ഭീഷ്മർതന്നെ ആയിരുന്നു. അതുകൊണ്ടുതന്നെയാണ് കൌരവസ്സേനയുടെ ഒന്നാമത്തെ നായകനാകാൻ അദ്ദേഹത്തിനു സാധിച്ചതു്. ഇദ്ദേഹം പാണ്ഡവന്മാരുടേയും കൌരവന്മാരുടേയും പിതാമഹനായിരുന്നതിനാൽ ഇവരെ രണ്ടു പക്ഷക്കാരേയും ഒരുപോലെ സ്നേഹിക്കുകയും അനുതപിക്കുകയും രണ്ടുപക്ഷക്കാർക്കും ഒരുപോലെ നന്മ ആഗ്രഹിക്കുകയും ചെയ്തു. ധർമ്മവും ന്യായവും പാണ്ഡവപക്ഷത്തിലാണെന്നറിഞ്ഞു് അദ്ദേഹം പാണ്ഡവന്മാരോടൊപ്പം സഹതപിക്കുകയും ആത്മാർത്ഥമായി അവരുടെ വിജയത്തെ ആഗ്രഹിക്കുകയും ചെയ്തു. യഥാർത്ഥത്തിൽ പാണ്ഡവപക്ഷപാതിയായിരുന്നിട്ടുകൂടി ഭീഷ്മർ അവരോടു് ഒരിക്കലും ദയവു കാണിച്ചിട്ടില്ല എന്നാൽ ദൃഢനിശ്ചയത്തോടെ കൌരവരുടെ വിജയത്തിനുവേണ്ടി യത്നിച്ചു. യുദ്ധത്തിന്റെ പതിനെട്ടു ദിവസങ്ങളിൽ പത്താംദിവസംവരെ ഭീഷ്മർതന്നെ കൌരവപക്ഷത്തിലെ സേനാനായകനായിരിക്കുകയും ഈ ദിവസങ്ങളിൽ പാണ്ഡവപക്ഷത്തിലെ അനവധി സൈന്യത്തെ സംഹരിക്കുകയും ചെയ്തു. വൃദ്ധനായിട്ടുകൂടി ഇദ്ദേഹം യുദ്ധത്തിൽ അത്ഭുതപരാക്രമങ്ങൾ കാണിച്ചിട്ടുണ്ടു്. രണ്ടുതവണ ശ്രീകൃഷ്ണഭഗവാൻ തന്നെ അർജ്ജുനനെ രക്ഷിക്കുന്നതിനുവേണ്ടി, അസ്ത്രമെടുക്കുകയില്ലെന്നു പ്രതിജ്ഞ ചെയ്തിട്ടുപോലും, ഇദ്ദേഹത്തോടു നേരിടേണ്ടതായി വന്നു. ഭഗവാൻ ഒരിക്കൽ അർജ്ജുനന്റെ ശക്തി ക്ഷയിക്കുന്നതു കണ്ടു് ചക്രായുധവുംകൊണ്ടു് ഭീഷ്മരുടെ മുൻപിൽ ഓടിവരികയും മറ്റൊരിക്കൽ ചമ്മട്ടിയുമെടുത്തു് ഭീഷ്മരെ വെല്ലുവിളിക്കുകയും ചെയ്തു. ഇപ്രകാരം ഒരു ഭ

ക്തന്റെ പ്രാണനെ രക്ഷിച്ചുകൊണ്ടും മററൊരു ഭക്തന്റെ ഗൌരവത്തെ വധിപ്പിച്ചുകൊണ്ടും തന്റെ രണ്ടു പക്ഷത്തേക്കുമുള്ള ഭഗവാന്റെ ഭക്തവാത്സല്യത്തെ ഭീഷ്മർ ലോകത്തിനു പരിചയപ്പെടുത്തി. ഒടുവിൽ ഭീഷ്മർ ജീവിച്ചിരിക്കുന്നിടത്തോളം കാലം കൌരവന്മാരെ ജയിക്കുവാൻ അസാദ്ധ്യമാണെന്നു് പാണ്ഡവന്മാർ മനസ്സിലാക്കിയപ്പോൾ അവർതന്നെ തങ്ങളുടെ പിതാമഹനോടു് അദ്ദേഹത്തെ കൊല്ലുന്നതിനുള്ള ഉപായം ചോദിക്കുകയും അദ്ദേഹം ഹൃദയപൂർവ്വം ഇപ്രകാരം പറഞ്ഞുകൊടുക്കുകയുംചെയ്തു. "ദ്രുപദകുമാരനായ ശിഖണ്ഡി സ്ത്രീരൂപത്തിലാണു ജനിച്ചതു്. ഇപ്പോൾ അവൻ പുരുഷനായി രൂപംമാറിയിട്ടുണ്ടെങ്കിലും എന്റെ ദൃഷ്ടിയിൽ അവൻ സ്ത്രീതന്നെയാണു്. ഈ അവസ്ഥയിൽ എനിക്കു അയാളുടെ നേരെ ആയുധമെടുക്കാൻ സാധിക്കുകയില്ല. അവൻ എന്റെ മുൻപിൽ യുദ്ധത്തിനു വരുകയാണെങ്കിൽ ഞാൻ അസ്ത്രമയക്കുകയുമില്ല. ആ സമയത്തു അർജ്ജുനനു് എന്നെ കൊല്ലാം". ക്ഷത്രിയധർമ്മപാലനത്തിനും വീരത്വത്തിനും ഇതിലും വലിയ ഉദാഹരണം എന്താണുള്ളതു്?

യുദ്ധത്തിൽ ഭീഷ്മർ മർമ്മഹതനായി ഭൂമിയിൽ കിടന്നപ്പോൾ അദ്ദേഹത്തിന്റെ രോമംതോറും അസ്ത്രങ്ങൾ തറയ്ക്കപ്പെട്ടു. ദേഹം ഭൂമിയിൽ തൊടാത്തവിധം അദ്ദേഹം ആ അസ്ത്രങ്ങളിൽ കിടന്നു. അപ്പോൾ ദക്ഷിണായനമായിരുന്നു. ദക്ഷിണായനകാലം ദേഹത്യാഗത്തിനു പററിയതല്ലെന്നു മനസ്സിലാക്കി അദ്ദേഹം അയനപരിവർത്തനകാലംവരെ ആ ശരശയ്യയിൽതന്നെ കിടന്നു. അച്ഛന്റെ വരപ്രഭാവത്താൽ മരണം അദ്ദേഹത്തിനു അധീനമായിരുന്നു. ഭീഷ്മർ വീണതോടുകൂടി ആ ദിവസത്തെ യുദ്ധം അവസാനിച്ചു. കൌരവന്മാരും പാണ്ഡവന്മാരും ഭീഷ്മരുടെ നാലുവശത്തും വന്നുനിന്നു. ഭീഷ്മരുടെ ശരീരം മുഴുവൻ അസ്ത്രങ്ങളിൽ പൊക്കിയിട്ടിരുന്നു. അദ്ദേഹത്തിന്റെ ശിരസ്സുമാത്രമേ താഴോട്ടു തൂങ്ങിക്കിടന്നിരുന്നുള്ളു. അതു് പൊക്കിവയ്ക്കുന്നതിനു് അദ്ദേഹം അവരുടെ സഹായം ആവശ്യപ്പെട്ടു. അവർ ഏററവും ഉത്തമങ്ങളായ തലയിണകൾ കൊണ്ടുവന്നു് അദ്ദേഹത്തിന്റെ മുൻപിൽവച്ചുവെങ്കിലും അതൊന്നും അദ്ദേഹത്തിനു് ഇഷ്ടമായില്ല. അപ്പോൾ അദ്ദേഹം അർജ്ജുനനോടു പറഞ്ഞു. "കുഞ്ഞേ! നിനക്കു ക്ഷത്രിയധർമ്മമറിയാമല്ലോ. നീ എനിക്കു യോജിച്ച ഒരു തലയിണ തരിക" ആ വീരശിരോമണിയുടെ അഭിപ്രായം അർജ്ജുനൻ മനസ്സിലാക്കി. വീരന്മാരുടെ സൂച

ന വീരന്മാക്കുമാത്രമേ അറിയാൻ കഴിയൂ. അദ്ദേഹം ഒരു അസ്ത്രമയച്ച് ഭീഷ്മരുടെ ശിരസ്സ് ഉയൎത്തി നേരെ നിറുത്തി. ദുൎയ്യോധനൻ അസ്ത്രം പറിച്ചെടുത്തു ചികിത്സിക്കുന്നതിനു് സമൎത്ഥന്മാരായ വൈദ്യന്മാരെ ഭീഷ്മരുടെ അടുത്തേക്കു പറഞ്ഞയച്ചുവെങ്കിലും അദ്ദേഹം അവൎക്കെല്ലാം സമ്മാനംകൊടുത്തു തിരിച്ചയച്ചു. ആ വീരഗതി കിട്ടിയിട്ടു് പിന്നീടു ചികിത്സിപ്പിക്കുന്നതു് തനിക്കപമാനമാണെന്നു് അദ്ദേഹം വിചാരിച്ചു. എല്ലാവരും അദ്ദേഹത്തിന്റെ അസാധാരണമായ ധൈൎയ്യവും ധൎമ്മനിഷ്ഠയുംകണ്ടു് അത്ഭുതപ്പെട്ടു. ആ സമയത്തുകൂടി യുദ്ധം അവസാനിപ്പിക്കുന്നതിനും രണ്ടുപക്ഷത്തും സമാധാനം സ്ഥാപിക്കുന്നതിനും അദ്ദേഹം നല്ലപോലെ പരിശ്രമിച്ചുവെങ്കിലും ഫലമുണ്ടായില്ല. "വിധിവിഹിതമേവനും ലംഘിച്ചുകൂടുമോ?

അസ്ത്രത്തിന്റെ അസഹ്യമായ വേദനകൊണ്ടു ഭീഷ്മരുടെതൊണ്ട വരളുകയും ശരീരം ജ്വലിക്കുകയും ചെയ്തുകൊണ്ടിരുന്നു. അദ്ദേഹം അല്പം വെള്ളംകുടിക്കാനാവശ്യപ്പെട്ടപ്പോൾ ജനങ്ങൾ വാസനയുള്ള ധാരാളം തണുത്തജലം കിണ്ടികളിൽ നിറച്ചു കൊണ്ടുകൊടുത്തു. ഭീഷ്മർ അതു തിരിച്ചുകൊടുത്തിട്ടു പറഞ്ഞു. "മേനരത്തെ അനുഭവിച്ചിട്ടുള്ള മാനുഷങ്ങളായ വിഷയസുഖങ്ങളെ ഇപ്പോൾ എനിക്കു സ്വീകരിക്കാൻ കഴിയുകയില്ല. എന്തുകൊണ്ടെന്നാൽ ഇപ്പോൾ ഞാൻ ശരശയ്യയിലാണു കിടക്കുന്നതു്" പിന്നീടു അദ്ദേഹം അൎജ്ജുനനെവിളിച്ചു പറഞ്ഞു. "കുഞ്ഞേ! നിനക്കു എന്നെ യഥാവിധി വെള്ളം കുടിപ്പിക്കാൻ കഴിയുമോ?" ഇതുകേട്ടു അൎജ്ജുനൻ "കല്പനപോലെ"യെന്നു പറഞ്ഞു ആവനാഴിയിൽനിന്നു തിളങ്ങുന്ന ഒരസ്ത്രമെടുത്തു പൎജ്ജന്യാസ്ത്രത്തോടു യോജിപ്പിച്ചു ഭീഷ്മരുടെ ഒരു വശത്തു ഭൂമിയിൽ പ്രയോഗിച്ചു. അപ്പോൾ എല്ലാവരും നോക്കിക്കൊണ്ടിരിക്കേ ഭൂമിയിൽനിന്നു ഒരു ജലധാര പുറപ്പെട്ടു ഭീഷ്മരുടെ വായിൽതന്നെ വീണുതുടങ്ങി. അദ്ദേഹം ആ ജലം അമൃതംപോലെ കുടിച്ചു തൃപ്തനായിട്ടു അൎജ്ജുനന്റെ ആ പ്രവൃത്തിയെക്കുറിച്ചു വളരെ വളരെ പ്രശംസിച്ചു. അപ്പോൾ മുതൽ അദ്ദേഹം ആഹാരപാനീയാദികൾ ഉപേക്ഷിച്ചു. പിന്നീടു ജീവിച്ചിടത്തോളം സമയം അസ്ത്രങ്ങളുടെ മൎമ്മഭേദകമായ വേദനയും അതോടുകൂടി ഭക്ഷണപാനീയാദികൾ കഴിക്കാത്തതിനാലുള്ള വിഷമങ്ങളും സഹിച്ചുകൊണ്ടിരുന്നു. ഇപ്രകാരം അദ്ദേഹം വീരത്വത്തിന്റെയും ധൈൎയ്യം, സഹനശക്തി ഇവയുടെ പരമകാഷ്ഠയേയും കാണിച്ചു

കൊടുത്തു.

മഹാമനസ്കനായ ഭീഷ്മർ പിതൃഭക്തി, സത്യനിഷ്ഠ, വീരത്വം ഇവകൾ മാത്രമല്ല ആദർശമായിട്ടുള്ളതു്. അദ്ദേഹം മഹാനായ ശാസ്ത്രജ്ഞനും മതപരവും ഈശ്വരപരവുമായ തത്വങ്ങളെ അറിയുന്നവനും വലിയ ഒരു ഭഗവത്ഭക്തനും ആയിരുന്നു. അദ്ദേഹത്തിന്റെ അഗാധമായ പാണ്ഡിത്യത്തെക്കുറിച്ചു ഭഗവാൻ ശ്രീകൃഷ്ണൻതന്നെ ഇപ്രകാരം പ്രശംസിച്ചിരിക്കുന്നു. "അങ്ങയുടെ മരണശേഷം സകല പാണ്ഡിത്യവും നശിച്ചുപോകും. ലോകത്തു സംശയഗ്രസ്തമായ വിഷയങ്ങൾക്കു സമാധാനം പറയുന്നതിനു് അങ്ങയെ കൂടാതെ മററാരുമില്ല.' ശ്രീകൃഷ്ണഭഗവാന്റെ പ്രേരണയനുസരിച്ചു് അദ്ദേഹം അനവധി ദിവസത്തേക്കു തുടർച്ചയായി വർണ്ണാശ്രമധർമ്മം, രാജധർമ്മം, ആപദ്ധർമ്മം, മോക്ഷധർമ്മം, ശ്രാദ്ധധർമ്മം, ദാനധർമ്മം, സ്ത്രീധർമ്മം എന്നിവ തുടങ്ങി മഹാഭാരതത്തിലെ ശാന്തിപർവ്വത്തിലും അനുശാസനപർവ്വത്തിലും സംഗ്രഹിച്ചുവെച്ചിട്ടുള്ള മഹത്വപൂർണ്ണങ്ങളായ അനേകം വിഷയങ്ങളെക്കുറിച്ചു ഭീഷ്മർ ഉപദേശിച്ചു. സാക്ഷാൽ ധർമ്മത്തിന്റെ അംശത്തിൽനിന്നും ജനിച്ചു, ധർമ്മത്തിന്റെ പ്രത്യക്ഷമൂർത്തിയായ യുധിഷ്ഠിര മഹാരാജാവിന്റെ ധർമ്മവിഷയങ്ങളായ സംശയങ്ങളെ നിവാരണം ചെയ്തതു് ഭീഷ്മർതന്നെയായിരുന്നു. ഇദ്ദേഹത്തിന്റെ ഉപദേശം കേൾക്കുന്നതിനു വ്യാസൻ തുടങ്ങിയ മഹർഷിമാരും വന്നിരുന്നു.

ശ്രീകൃഷ്ണഭഗവാന്റെ മാഹാത്മ്യത്തേയും പ്രഭാവത്തേയും പററിയുള്ള ജ്ഞാനം ഭീഷ്മർക്കുണ്ടായിരുന്നതുപോലെ അക്കാലത്തു് വളരെ കുറച്ചാളുകൾക്കു മാത്രമേ ഉണ്ടായിരുന്നുള്ളു. ഇദ്ദേഹം ധൃതരാഷ്ട്രരേയും ദുര്യോധനനേയും പല പ്രാവശ്യം കൃഷ്ണന്റെ മാഹാത്മ്യത്തെ പറഞ്ഞുകേൾപ്പിച്ചിട്ടുണ്ടു്. രാജസൂയത്തിൽ അഗ്ര്യപൂജക്കുവേണ്ടി ശ്രീകൃഷ്ണനാണു് ഉത്തമവ്യക്തിയെന്നു തിട്ടപ്പെടുത്തിക്കൊണ്ടു് അദ്ദേഹം രാജാക്കന്മാർ നിറഞ്ഞ ഒരു സഭയിൽ ശ്രീകൃഷ്ണന്റെ മഹിമയെ കീർത്തിക്കുകയും ശ്രീകൃഷ്ണൻ സാക്ഷാൽ ഈശ്വരനാണെന്നു ഘോഷിക്കുകയും ചെയ്തു. ശ്രീകൃഷ്ണൻ അർജ്ജുനന്റെ സമീപത്തുനിന്നു് ചക്രവുമെടുത്തു് ഭീഷ്മരുടെ മുൻപിൽ ഓടിയെത്തിയപ്പോൾ ഇദ്ദേഹം ഭഗവാന്റെ കൈകൊണ്ടു മരിക്കുന്നതു ശ്രേഷ്ഠമാണെന്നു വിചാരിച്ചു് അസ്ത്രങ്ങൾകൊണ്ടുതന്നെ അദ്ദേഹത്തെ പൂജിക്കുന്നതിനു് ആവാഹിച്ചു. ഭീഷ്മർ യുധിഷ്ഠിരനെ കേൾപ്പിച്ചതായ വിഷ്ണുഭഗവാന്റെ സഹസ്രനാമസ്തോത്രത്തിൽനിന്നു് ഇദ്ദേഹത്തിന്റെ ഭഗവദ്ഭക്തി

യും ഭഗവൽതത്വജ്ഞാനവും എത്ര അഗാധമാണ് എന്നു കാണാം. ഇന്നും ഭക്തന്മാർ ആ വിഷ്ണു സഹസ്രനാമത്തെ വളരെ ആദരിക്കുന്നു ശ്രീ ശങ്കരഭഗവൽപാദർ ഗീതാ ഉപനിഷത്തു്, ബ്രഹ്മസൂത്രം എന്നിവയ്ക്കെന്നപോലെതന്നെ ഇതിനും വിസ്തരിച്ചു ഒരു ഭാഷ്യം രചിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ഭക്തിയുടെ ഫലമായി സാക്ഷാൽ ശ്രീകൃഷ്ണഭഗവാൻ തന്നെ ഒടുവിൽ അദ്ദേഹത്തിനു ദർശനം കൊടുത്തു് കൃതാത്മനാക്കി ഇപ്രകാരം ഭക്തി ജ്ഞാനം, സദാചാരം തുടങ്ങി ഏതു വഴിയിൽകൂടി നാം ഭീഷ്മരുടെ ചരിത്രത്തിൽ ദൃഷ്ടി പതിക്കുന്നുവോ ആ വഴിക്കു നമുക്ക് അദ്ദേഹത്തെ ആദർശവാനായി കാണാൻ കഴിയും. ഭീഷ്മരുടെ സ്ഥാനത്തെത്തിയ മഹാപുരുഷന്മാരെ ലോകചരിത്രത്തിൽ വിരളമായേ കിട്ടുകയുള്ളൂ. അദ്ദേഹം പുത്രനില്ലാതെയാണു മരിച്ചതെങ്കിലും സകല ത്രൈവർണ്ണിക ഹിന്ദുക്കളും ഇന്നും പിതൃക്കൾക്കു തർപ്പണംചെയ്യുമ്പോൾ ഇദ്ദേഹത്തിനും തർപ്പണം ചെയ്യുന്നു. ഭാരതചരിത്രത്തിൽ മററു് ഇതുപോലെ ആദരിക്കപ്പെടുന്ന മറെറാരാളില്ല. അതിനാൽ സകലരും ഇന്നും അദ്ദേഹത്തെ പിതാമഹനെന്നു വിളിക്കുന്നു. ഭീഷ്മരുടേതുപോലെയുള്ള അപുത്രത്വം വളരെ വളരെ പുത്രന്മാരുള്ളവർക്കുകൂടി അസൂയാവഹമാണ്.

---

# പ്രേമദർശനം

(ദേവർഷിനാരദവിരചിത ഭക്തിസൂത്രം)

പ്രേമരൂപമായ ഭക്തിയുടെ സ്വരൂപം

(വി. എൻ. പരമേശ്വരൻനമ്പൂരി)

(തുടർച്ച)

സൂത്രം:—7. സാനകാമയമാനാ നിരോധരൂപത്വാത്.

അമൃതാത്മകമായ ആ ഭക്തി കാമ്യമായിട്ടുള്ളതല്ല. എന്തുകൊണ്ടെന്നാൽ അതു് നിരോധരൂപത്തിലുള്ളതാകുന്നു. ചുരുക്കത്തിൽ ഭക്തികാമ്യമായിരിക്കരുതെന്നു സാരം. നിരോധം ഇന്നതാണെന്നു് അടുത്ത സൂത്രംകൊണ്ടു വിവരിക്കുന്നുണ്ടു്.

ഈ പ്രേമമയമായ ഭക്തി സർവ്വഥാ ത്യാഗപരമാണ്. ഇതിൽ ധനം, സന്താനം, കീർത്തി, സ്വർഗ്ഗം മുതലായവ മാത്രമല്ല മോക്ഷകാം

ക്ഷ കൂടി ഉണ്ടാവാൻ പാടില്ല. ഭക്തിക്കു പകരം എന്തെങ്കിലും ആവശ്യപ്പെടുകയോ, ചുരുങ്ങിയതു് എന്തെങ്കിലും ആവശ്യമോ ആകാംക്ഷയോ ഉണ്ടാവുകയോ ചെയ്താൽ അതു കാമ്യഭക്തിയായിത്തീരും. അതു് സ്വാത്ഥവ്യാപാരമത്രെ. പ്രേമരൂപമായ ഭക്തിയിലാവട്ടെ തന്റെ പ്രിയതമനായ ഭഗവാനെയും അദ്ദേഹത്തിന്റെ സേവയേയുമല്ലാതെ മറ്റൊന്നുംതന്നെ ആഗ്രഹിക്കില്ല. ശ്രീമൽ ഭാഗവതത്തിൽ ഭഗവാൻ കപിലദേവൻ: "എന്നിൽ പ്രേമികളായ ഭക്തഗണങ്ങൾ എന്റെ സേവയല്ലാതെ * പഞ്ചമുക്തികളെ കൊടുത്താൽക്കൂടി വാങ്ങുന്നതല്ല" എന്നു പറഞ്ഞിരിക്കുന്നു. യഥാത്ഥമായ ഭക്തിസഞ്ജാതമായതിന്നുശേഷം അഭിലാഷങ്ങൾ നശിച്ചുപോകുന്നു. എന്തുകൊണ്ടെന്നാൽ ആ ഭക്തി നിരോധരൂപത്തിൽ—അതായതു് ത്യാഗമയം ആകുന്നു. എന്നാൽ നിരോധം എന്നു പറയുന്നതെന്താണു്?

8. നിരോധസ്തു ലോകവേദവ്യാപാരന്യാസഃ

ലൌകികവും വൈദികവുമായ എല്ലാ കമ്മങ്ങളേയും ഉപേക്ഷിക്കുന്നതിനാണു് നിരോധം എന്നു പറയുന്നതു്.

പ്രേമരൂപമായ ഭക്തിയിൽ ഈ കമ്മത്യാഗം സ്വയമേവ സംഭവിക്കുന്നു. പ്രേമോന്മത്തനായ ഭക്തൻ തന്റെ പ്രിയതമയായ ഭഗവാനെക്കുറിച്ചല്ലാതെ മറെറാരു വിഷയവും അറിയുന്നില്ല; അയാളുടെ മനസ്സ് എല്ലായ്പോഴും ശ്രീകൃഷ്ണാകാരമായിരിക്കും. കണ്ണിനു മുമ്പാകെ സദാസമയവും ഭഗവൽപ്രകാശം തിളങ്ങിക്കൊണ്ടിരിക്കുന്നു. മററു വസ്തുക്കളിൽ അയാളുടെ മനസ്സ് പോകുന്നതുതന്നെയില്ല ശ്രീ. ഗോപികമാർ ഭഗവാനോടു പറയുന്നതു നോക്കുക:—

'നന്നായ്‌വീട്ടിലെഴുന്ന കാര്യമതിലാ-
യേപ്പെട്ട ചിത്തംഭവാൻ
മുന്നെത്തന്നെ ഹരിച്ചുകൈകൾ ഗൃഹകൃ-
ത്യങ്ങൾക്കനങ്ങാതെയായ്

---

* മുക്തി അഞ്ചുപ്രകാരത്തിലാണെന്നാണ് ചില പൌരാണികന്മാർ പറയുന്നതു്:—

1. സാലോക്യം—ഭഗവാന്റെ സമാനമായ ലോകപ്രാപ്തി.
2. സാർഷ്ടി—ഭഗവാനു തുല്യമായ ഐശ്വര്യപ്രാപ്തി.
3. സാമീപ്യം—ഭഗവാന്റെ സമീപസ്ഥാനപ്രാപ്തി.
4. സാരൂപ്യം—ഭഗവാനു സമാനസ്വരൂപപ്രാപ്തി.
5. സായുജ്യം—ഭഗവാനിൽ ലയപ്രാപ്തി.

നിമ്പാദാന്തികമങ്ങു വിട്ടോരടിയും
വെപ്പീല പാദങ്ങൾകേ-
ളുമ്പാടിക്കു ഗമിപ്പതെങ്ങനെയിവർ?
ചെയ്യേണ്ടതെന്തിപ്പൊഴേ! —(ഭാഗവതം 10_29_34)

ലോകത്തിൻെറ ചിത്രം മനസ്സിൽനിന്നു മാഞ്ഞുപോകുന്നതു കാരണം ഭക്തൻ യാതൊരു ലൌകീകവും (സ്മാർത്തം) വൈദീകവും (ശ്രൌതം) ആയ കാര്യത്തെ ചെയ്യുവാൻ യോഗ്യനായിത്തീരുന്നില്ല. അതുകൊണ്ടു് അവയെല്ലാം സ്വയമേവ വിട്ടൊഴിഞ്ഞു പോകുന്നു. അങ്ങനെയുള്ള ഭക്തന്മാരെക്കുറിച്ചു് ഒരു കവി പറയുന്നതു നോക്കുക:—

"ലൌകീക വൈദീകമാകിയ ചിന്തക
ളാകവേതാനേയകന്നു തൽബന്ധിയാം
ഭീതിയും ലജ്ജയുമെന്നല്ലയിത്തര-
മേതൊരുഭാവവുമേൽക്കാതെ സന്തതം
നൃത്തഗീതങ്ങളുംചെയ്തു നാമംജപി-
ച്ചുത്തമഭക്തൻ പുളകിതഗാത്രനായ്
ഗൽഗ്ഗദകണ്ഠനായ് സർവ്വംമറന്നവൻ
നില്ക്കുന്നുതൻപ്രിയ പ്രീതിയെപ്പാർത്തരം"

9. തസ്മിന്നനന്യതാ തദ്വിരോധിഷു ദാസീനതാ ച.

തൻെറ ഏററവും പ്രിയതമനായ ഭഗവാനെത്തന്നെ ആശ്രയിച്ചുകൊണ്ടിരിക്കുന്നതിന്നും, അതിന്നു വിപരീതമായ വിഷയങ്ങളിലുള്ള ഉദാസീനതയ്ക്കും നിരോധം എന്നുതന്നെ പറയുന്നു.

ബാഹ്യജ്ഞാനമുള്ളപ്പോഴും പ്രേമിയായ ഭക്തൻ തൻെറ പ്രിയതമനായ ഭഗവാനോടു് അനന്യഭാവത്തോടുകൂടിത്തന്നെ വർത്തിക്കുന്നു; അദ്ദേഹത്തിന്നു പ്രതികൂലമായ കാര്യങ്ങളിൽനിന്നു സർവ്വഥാ ഉദാസീനനായുമിരിക്കുന്നു. ഇപ്രകാരമുള്ള അവസ്ഥക്കാണു് കർമ്മനിരോധം എന്നു പറയുന്നതു്. പ്രേമിയായ ഭക്തൻെറ ഓരോ ചേഷ്ടയും ഭഗവദനുകൂലമായിരിക്കുമെന്നു മാത്രമല്ല അനന്യഭാവത്തോടുകൂടിയ അദ്ദേഹത്തിൻെറ ഉപാസനയ്ക്കുവേണ്ടിയുമായിരിക്കും. സൂര്യനിൽനിന്നു് ഇരുട്ടും അമൃതിൽനിന്നു മരണവും എങ്ങനെ അസംഭവമായിരിക്കുന്നുവോ അതുപോലെ പ്രേമിയായ ഭക്തനിൽനിന്നു ഭഗവദ്വിപരീതവൃത്തി ഒരിക്കലും ഉണ്ടാകുന്നതല്ല.

10. അന്യാശ്രയാണാം ത്യാഗോऽനന്യതാ.

തന്റെ ഇഷ്ടനായ ഭഗവാന്റെ ആശ്രയത്തെ ഒഴിച്ചു മററുള്ളവരുടെ ആശ്രയത്തെ ത്യജിക്കുന്നതിനാണ് അനന്യത എന്നു പറയുന്നതു്.

പ്രേമിയായ ഭക്തന്റെ മനസ്സിൽ തന്റെ പ്രിയതമനായ ഭഗവാന്റെ മോഹനരൂപമല്ലാതെ മറെറാരു സങ്കല്പംപോലും ഉണ്ടാവുന്നില്ല. ആ സ്ഥിതിക്കു അയാൾ മറെറാന്നിനെ ഭജിക്കുന്നതെങ്ങനെ? ഭക്തൻ സർവ്വചരാചരങ്ങളേയും ഭഗവദ്രൂപമായി കാണുന്നു; വേറെ ഒന്നിനേയും ഒരിടത്തും കാണുന്നതുമില്ല.

ദൃഷ്ടിയിൽ പ്രിയതമരൂപമാധുരി രസം
പുഷ്ടമോദേനവിളയാടുമ്പോൾനിരന്തരം
മററു കാഴ്ചകൾക്കതിലെങ്ങനെ ലഭിക്കുന്നു
ചെററുമേപഴുതോർത്താലങ്ങു കാണ്മതില്ലല്ലോ.

ഭക്തനോടു ആരെങ്കിലും മററുള്ളവരുടെ കാര്യത്തെപ്പററി പറവാൻ തുനിഞ്ഞാൽ അയാൾ അതു കേൾക്കുവാൻ ആഗ്രഹിക്കുന്നുണ്ടാവില്ല; അല്ലെങ്കിൽ ആ വാക്കുകൾ കർണ്ണങ്ങളിൽ പ്രവേശിക്കുന്നുണ്ടാവില്ല. നിർബ്ബന്ധിച്ചു് കേൾപ്പിക്കുകയാണെങ്കിൽക്കൂടി അയാളുടെ മനസ്സ് അങ്ങോട്ടു ആകർഷിക്കപ്പെടുന്നില്ല. പരമശിവനെക്കുറിച്ചു അന്യോന്യവാസനയോടുകൂടിയിരിക്കുന്ന ശ്രീ പാർവ്വതിയോടു സപ്തർഷികൾ മഹാദേവന്റെ അനേക ദോഷങ്ങൾ ചൂണ്ടിക്കാട്ടി അവളുടെ മനസ്സിനെ പിന്തിരിപ്പിക്കാനും, സർവ്വസൽഗുണസമ്പന്നനായ ഭഗവാൻ മഹാവിഷ്ണുവിൽ ചെലുത്തിക്കുവാനും പ്രയത്നിച്ചപ്പോൾ ശിവപ്രേമമൂർത്തിയായ അവൾ അവരോടു ഉത്തരം പറഞ്ഞു:—

നിർഗ്ഗുണൻ, വിലക്ഷണമൂർത്തി, ശൂലിയെന്നുള്ള
നിങ്ങൾതൻഫലിതങ്ങൾ സത്യമെത്രയുംനൂനം
എങ്കിലും വിഷ്ണുഗുണസഞ്ചയമനാമത്ഥം
ശങ്കരഗതമനമാകർഷിപ്പതിന്നായ്മേ.
കോടിജന്മങ്ങൾ കഴിഞ്ഞീടിലുമിക്കന്യയാൾ
കോടീരധരചിന്തകൈവെടിയില്ല ദൃഢം.

ഇപ്രകാരംതന്നെ ഗോപികമാരും ഉദ്ധവരോടു പറകയുമുണ്ടായി:—

ലോകങ്ങളഖിലവുമെങ്ങൾതൻ കരതാരി-
ലാകുമെന്നാലിങ്ങുളും കാംക്ഷിപ്പീലിവരല്ലോ.

മാധവമധുരിമകോല്മമാ പ്രിയരസാ-
മൃതാവാ,യിച്ഛിപ്പതിപ്പാവങ്ങളനാരതം.
പക്ഷിയെക്ഷികളെന്നല്ലേതൊരു ജന്മത്തിലും
കാംക്ഷിതമവൻതൻെറ പ്രേമലബ്ധിയൊന്നത്രേ!

ഇങ്ങനെ പ്രേമിയായ ഭക്തൻ ഏകമാത്രപ്രിയതമനായ ഭഗവാനെ അറിഞ്ഞിട്ട് അദ്ദേഹത്തെ തൻെറ സവ്വസ്വമായിക്കരുതി മത്സ്യത്തിന്നു ജലം എങ്ങനെ കേവലം ആശ്രയമായിരിക്കുന്നുവോ അതുപോലെ ഭഗവാൻമാത്രമാണു ആശ്രയമെന്നു കണക്കാക്കി എല്ലാം കമ്മങ്ങളും അദ്ദേഹത്തിന്നുവേണ്ടി ചെയ്യുന്നു.

"ആശ്രയം, ബലം, വിശ്വാസാസ്പദം, ഘനശ്യാമ-
രാമനിൽക്കവിഞ്ഞില്ല ഭക്തന്മാക്കറിഞ്ഞാലും"

ഭക്തൻ മേഘോന്മുഖമായ ചാതകത്തെപ്പോലെ കേവലം ഭഗവാനിൽ മനസ്സുറപ്പിച്ചു സമ്പൂണ്ണമായി അദ്ദേഹത്തെ വിശ്വസിക്കുന്നു. അദ്ദേഹത്തിന്നുവേണ്ടി മാത്രം ശരീരസന്ധാരണം ചെയ്യുന്നു. ആയാൾ ആഹാരനീഹാര വിഹാരങ്ങൾ ചെയ്യുന്നതോ, പുണ്യകമ്മങ്ങൾ ചെയ്യുന്നതോ എല്ലാം ഭഗവാനുവേണ്ടിയാകുന്നു. അദ്ദേഹത്തോടുള്ള അനന്യപ്രേമ നിർഭരതകൊണ്ടുതന്നെയാണ് ആ ഭക്തൻെറ എല്ലാ പ്രവൃത്തികളും സ്വാഭാവികമായിത്തന്നെ ശുഭപ്രവൃത്തിയായിത്തീരുന്നതു്.

11. ലോകേ വേദേഷു തദനുകൂലാചരണം തദ്വിരോധിഷൂദാസീനതാ॥

ലൌകികവും വൈദികവുമായ കമ്മങ്ങളിൽ ഈശ്വരന്നു പ്രിയമായ കമ്മം ചെയ്യുകയും അതിന്നു പ്രതികൂലമായ വിഷയങ്ങളിൽ ഉദാസീനനായിരിക്കുകയും വേണ്ടതാണ്:

അനന്യഭാവത്തോടുകൂടി ഭഗവദത്ഥമായി പ്രവൃത്തിക്കുന്നവരെസ്സംബന്ധിച്ചേടത്തോളം തദ്വിപരീതമായ കമ്മങ്ങൾ സ്വയം തിരസ്കൃതങ്ങളാകുന്നു. വൈദികമോ ലൌകികമോ എന്തായാലും ശരി ഭഗവാനനുകൂലമല്ലാത്ത യാതൊന്നുംതന്നെ ആയാൾക്കു ചെയ്യുവാൻ കഴികയില്ല. അതായതു് പ്രേമരൂപമായ ഭക്തിയുടെ അഭിവൃദ്ധിക്കു ബാധകമായയൊന്നില്ല.

പുത്രൻ മാതാപിതാക്കന്മാരുടേയും, ഭാൎയ്യ ഭത്താവിൻേറയും, ശിഷ്യൻ ഗുരുവിൻേറയും ആജ്ഞ അനുസരിച്ചു നടക്കണമെന്നുള്ളതു്, വേദലൌകികധമ്മാനുസാരം, സവ്വഥാ കത്തവ്യമാണ്. പക്ഷെ അവരുടെ കല്പന ഭഗവൽ പ്രേമവിരുദ്ധമാണെങ്കിൽ പ്രേമി

യായ ഭക്തൻ അനേകം കഷ്ടങ്ങൾ അനുഭവിച്ചിട്ടെങ്കിലും അതിനെ ഉപേക്ഷിക്കുന്നു. എന്തുകൊണ്ടെന്നാൽ താൻ മുഖാന്തരം തൻെറ പ്രിയതമനെതിരായി ഒന്നാചരിക്കുക എന്നതു് അസംഭാവ്യമാണു്.

പ്രഹ്ലാദൻ ഭഗവാനെതിരായിനിന്നു് അച്ഛൻെറ കല്പന അനുസരിച്ചില്ല. വിഭീഷണൻ സഹോദരനോടു പിണങ്ങിപ്പിരിഞ്ഞുപോയി. ഭരതൻ അമ്മയുടെ ആജ്ഞയെ ചവുട്ടിത്തള്ളി. മഹാബലി ചക്രവൎത്തി ഗുരുവായ ശുക്രമഹൎഷിയുടെ വാക്കു കേട്ടില്ല. ഗോപസ്ത്രീകൾ ഭൎത്താക്കന്മാരുടെ കല്പനകളെക്കുറിച്ചു ശ്രദ്ധിച്ചതേയില്ല. ഇതെല്ലാം ലോകനന്മയ്ക്കു വേണ്ടി മാത്രമായിരുന്നു.

നിത്യം, നൈമിത്തികം, കാമ്യം, നിഷിദ്ധം എന്നിങ്ങനെ കൎമ്മങ്ങൾ നാലുപ്രകാരത്തിലുണ്ടു്. ഇതിൽ മദ്യമാംസസേവനം, ചൌൎയ്യം, വ്യഭിചാരം തുടങ്ങിയ നിഷിദ്ധകൎമ്മങ്ങൾ എല്ലാവരാലും ത്യാജ്യമാണു്. ശാസ്ത്രീയമായ കാമ്യകൎമ്മം ബന്ധനകാരകവും, ജന്മമൃത്യുവലയത്തിൽ ഭ്രമിപ്പിക്കുന്നതുമായതുകൊണ്ടു് "കാമ്യാനാം കൎമ്മണാം ന്യാസം" എന്നുള്ള ഭഗവദ്വചനാനുസാരം ത്യാജ്യമാണു്. ബാക്കിയുള്ള നിത്യനൈമിത്തിക കൎമ്മങ്ങളെ ലൌകിക വൈദികവിധിക്കനുസരിച്ചു ഫലാസക്തിവെടിഞ്ഞു് കേവലം ഭഗവാൻെറ ആജ്ഞാനുസാരം ഭഗവൽപ്രീതിക്കായി ചെയ്യണം. ഭഗവൽപ്രേമപ്രവൃദ്ധമായ കൎമ്മം മാത്രമേ ഭഗവൽപ്രീത്യൎത്ഥമാകയുള്ളൂ. ഗീതാവാക്യത്തിന്നനുസരിച്ചു് ആസക്തിയും ഫലാശയും ഉപേക്ഷിച്ചു് മനസ്സുകൊണ്ടും വാക്കുകൊണ്ടും ശരീരംകൊണ്ടും ഭഗവാന്നനുകൂലമായ കൎമ്മങ്ങൾ ചെയ്യുകയും, പ്രതികൂലകൎമ്മങ്ങളെ ഉപേക്ഷിക്കുകയും തന്നെയാണു് വിരോധകർമ്മങ്ങളിൽ ഉദാസീനതയാകുന്നതു്. പ്രേമഭക്തിയിലുള്ള ഉന്മാദാവസ്ഥ സമ്പ്രാപ്തമാവുന്നതുവരെ അങ്ങനെയുള്ള ഭഗവദനുകൂലകർമ്മങ്ങൾ പ്രേമിയായ ഭക്തൻ സ്വാഭാവികമായി ചെയ്യുന്നു.

12. ഭവതു നിശ്ചയദാർഢ്യാദൂർദ്ധ്വം ശാസ്ത്രരക്ഷണം.

ഇന്നതു ചെയ്യണം, ഇന്നതു ചെയ്യരുതു് എന്നുള്ള നിയമങ്ങളെ അതിക്രമിച്ചു് ഈ ലോകസംബന്ധമല്ലാത്ത ഭാവ്യപ്രേമപ്രാപ്തിയുണ്ടാവാൻ മനസ്സിൽ ദൃഢനിശ്ചയമുണ്ടായതിന്നുശേഷവും ശാസ്ത്രനിയമങ്ങളെ പരിപാലിക്കേണ്ടതാണു്,—അനുസരിക്കേണ്ടതാണു്. അതായതു് ഭഗവദനുകൂലശാസ്ത്രോക്തമായ കർമ്മങ്ങൾ ചെയ്യണമെന്നു സാരം.

അനന്യപ്രേമത്തിലുണ്ടാവുന്ന ബാഹ്യജ്ഞാനശൂന്യത, വിധി

നിഷേധക്കൾക്കധീനമായ സിദ്ധാവസ്ഥയിൽ എത്തുമ്പോൾ ലൌകികവൈദികകർമ്മങ്ങളുടെ ത്യാഗം സ്വാഭാവികമായി തന്നത്താൻ സംഭവിക്കും. അറിഞ്ഞുചെയ്യുന്നതായിരിക്കയില്ല.

അതുകൊണ്ടു് ഏതുവരെ എല്ലാം വിസ്മരിച്ച ഒരവസ്ഥ വന്നു ചേരുന്നുവോ അതുവരെ അങ്ങനെയുള്ള പ്രേമത്തെച്ചൊല്ലി ശാസ്ത്രവിഹിതമായ കർമ്മങ്ങളെ ഉപേക്ഷിക്കാൻ പാടില്ല. ശാസ്ത്രത്തിന്നനുസരിച്ച ഭഗവദർപ്പണമായ ബുദ്ധിയോടുകൂടി ഭഗവദനുകൂലമായ നിത്യനൈമിത്തികമായ കർമ്മങ്ങളും ശ്രവണകീർത്തനാദിരൂപത്തിലുള്ള ഭജനകളും തുടൎച്ചയായി ചെയ്യുന്നതുകൊണ്ടുതന്നെ ഭഗവാന്റെ ആ പരമോച്ച പ്രേമത്തെ പ്രാപിക്കുന്നു. ഭഗവാൻതന്നെ സ്വയം ആജ്ഞാപിക്കുന്നു:

"തസ്മാച്ഛാസ്ത്രം പ്രമാണംതേ
കാര്യാകാര്യ വ്യവസ്ഥിതൌ;
ജ്ഞാത്വാശാസ്ത്രവിധാനോക്തം
കർമ്മകർത്തുമിഹാർഹസി." —(ഭഗവദ്ഗീത:16—24)

"അല്ലയോ അർജ്ജുനാ, അതുകൊണ്ടു നീ ചെയ്യേണ്ടതും ചെയ്യരുതാത്തതും നിൎണ്ണയിക്കുന്നതിൽ നിനക്കു ശാസ്ത്രം തന്നെയാണു് പ്രമാണം. ശാസ്ത്രവിധികളിൽ പറയപ്പെട്ടിട്ടുള്ളതിനെ മനസ്സിലാക്കി ഇവിടെ നീ കർമ്മം ചെയ്യാൻ യോഗ്യനായി ഭവിക്കുന്നു."

അതുകൊണ്ടു എന്തു ചെയ്യണം, എന്തു ചെയ്യാതിരിക്കണം എന്നു ചോദിക്കയാണെങ്കിൽ, ഇക്കാൎയ്യത്തിൽ ശാസ്ത്രം തന്നെയാണ് പ്രമാണം. അതറിഞ്ഞു ആ വിധിപ്രകാരം പ്രവൎത്തിക്കേണ്ടതാണു്.

(13) അന്യഥാ പാതിത്യാശങ്കയാ.

അല്ലെങ്കിൽ അധഃപതനം സംഭവിക്കാനിടയുണ്ടായേക്കാം.

ആരൊരാൾ അറിഞ്ഞിട്ടു ശാസ്ത്രവിധികളെ അനാദരിച്ച അതിനു പ്രതികൂലമായി അപമര്യാദകൾ പ്രവൃത്തിക്കുകയും, അതിനെ പ്രേമത്തിന്റെ പേരിൽ ദോഷരഹിതമാണെന്നു തെളിയിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നുവോ ആയാൾ നിശ്ചയമായും അധഃപതിക്കും. ഭഗവാൻതന്നെ അരുളിച്ചെയ്യുന്നു.

"യാ ശാസ്ത്രവിധിമുൽസൃജ്യ
വൎത്തതേ കാമകാരതഃ,
നസസിദ്ധി മവാപ്നോതി
നസുഖം നപരാംഗതിം." —(ഭഗവൽഗീത 16—23)

യാതൊരുവൻ ധമ്മശാസ്ത്രവിധിയെ ഉപേക്ഷിച്ചു് ഇഷ്ടംപോലെ പ്രവത്തിക്കുന്നുവോ അവൻ സിദ്ധിയെ പ്രാപിക്കുന്നില്ല. അവൻ യാഥാത്ഥസുഖത്തേയും മുക്തിയേയും പ്രാപിക്കുന്നില്ല."

അറിഞ്ഞിട്ടു ശാസ്ത്രവിഹിതകമ്മങ്ങളെ ഉപേക്ഷിക്കുന്നതു പ്രേമത്തിൻെറ ആദശമല്ല; മോഹം, ഉച്ഛൃംങ്ഖലത, സ്വേച്ഛാചാരം എന്നിവയുടേതാണു്. അങ്ങനെ ചെയ്യുന്നവർ അന്ത്യത്തിൽ ദുഃഖനരകാദികൾക്കു വിധേയരായിത്തീരും.

(14) ലോകോഽപി താവദേവ കിന്തുഭോജനാദിവ്യാപാരസ്ത്വാ ശരീരധാരണാവധി.

ബാഹ്യജ്ഞാനമില്ലാതാവുന്നതുവരെ ലൌകികകമ്മങ്ങളെക്കൂടി വിധിപോലെ ആചരിക്കേണ്ടതാണ്. എന്തെന്നാൽ ശരീരമുള്ളതുവരെ ഭക്ഷണം മുതലായതുകൂടാതെ കഴികയില്ലല്ലൊ. "അന്നമയം ശരീരം" എന്നാണു് പ്രമാണം.

വൈദീകകമ്മത്തോടുകൂടിത്തന്നെ ലൌകികജീവിതത്തിന്നത്യാവശ്യമായ ഗൃഹസ്ഥപരിപാലനാദികാര്യങ്ങളും സാവധാനമായി ഭഗവദനുകൂലവിധിക്കൊത്തു അനുസരിക്കേണ്ടതാണു്. ബാഹ്യജ്ഞാനശൂന്യമായ സിദ്ധാവസ്ഥ * വന്നുചേരുമ്പോൾ ലൌകീകവൈദീകാദികാര്യങ്ങൾ അനായാസേന നിശ്ചയമായും സ്വയം വിട്ടുപോകും. എന്നാൽ ആ ഒരു സ്ഥിതി വന്നുചേരുന്നതുവരെ രണ്ടു പ്രകാരത്തിലുള്ള കമ്മങ്ങളും വിധിപോലെ അവശ്യം അനുഷ്ഠിക്കേണ്ടതാണു് അങ്ങനെയുള്ള വിധി നിഷേധാതീതമായ ഫലസ്വരൂപസ്ഥിതിയിൽ അവ തന്നെത്താൻ വിട്ടുപോകുന്നു. പക്ഷെ ആഹാരാദികമ്മങ്ങൾ ആ അവസ്ഥയിൽകൂടി ശേഷിപ്പുണ്ടാകും. കാരണം, അതു ശരീരത്തിന്നത്യാവശ്യമാകുന്നു. എന്നാൽ പ്രേമഭക്തിപ്രവാഹത്തിൽ നിമഗ്നനായ ഭക്തൻ ആഹാരാദിക്കു് വേണ്ടി ഒന്നും പ്രവത്തിക്കുന്നില്ല. പക്ഷെ യോഗക്ഷേമവഹനായ ഭഗവാൻെറ ഏപ്പാടുകൊണ്ടു് അയാൾക്കു ആഹാരം ലഭിച്ചുകൊണ്ടിരിക്കുന്നു. തീച്ചയായും അതു് ഭഗവൽപ്രസാദംതന്നെയാണു്.

---

* ബാഹ്യജ്ഞാനസിദ്ധാവസ്ഥയിൽനിന്ന് ഇവിടെ "ഭാവസമാധി' എന്നു വിചാരിക്കരുതു് ഇതു് ആ പ്രേമത്തിൻെറ പൂണ്ണമായ സഹജാവസ്ഥയാകുന്നു, അതിൽ പ്രേമമയനായ ഭഗവാനല്ലാതെ ബാഹ്യമായ മറെറാന്നില്ല. ഭഗവാനതിരിക്തമായ ബാഹ്യജ്ഞാനം നിശ്ശേഷം പോയതിനുശേഷംമാത്രമേ വിധി നിഷേധാതീതമായ ഫലസ്വരൂപസിദ്ധി ലഭിക്കയുള്ളു.

# ഇന്ത്യയിലെ ജനകീയഗ്രന്ഥം

## അഥവാ രാമചരിതമാനസം.

വിദ്വാൻ, ടി. കെ. രാമമേനോൻ.

വാല്മീകി രാമായണം സംസ്കൃതഭാഷാഭിജ്ഞന്മാരേയും കമ്പർ രാമായണം തമിഴ് പണ്ഡിതന്മാരേയും എത്രത്തോളം ആഹ്ലാദിപ്പിച്ചിട്ടുണ്ടോ, അത്രത്തോളമോ അതിലധികമോതന്നെ തുളസീദാസവിരചിതമായ രാമചരിതമാനസവും ഹിന്ദി വിദ്വാന്മാരെ അവാച്യാനന്ദത്തിനു വിധേയരാക്കിയിട്ടുണ്ടു്. ആ ഗ്രന്ഥത്തെപ്പററി മലയാളികളിൽ ഒട്ടധികം പേരും വളരെയൊന്നും ഗ്രഹിച്ചിരിക്കുമെന്നു തോന്നുന്നില്ല. സ്വതേ മലയാളികൾ ഹിന്ദി ഭാഷയും സാഹിത്യവുമായി വളരെ ഇടപഴകിയവരല്ല. സംസ്കൃതഭക്തരായ അവർക്കു വാല്മീകിയുടേയും, ഭാഷാപ്രണയികളായ കേരളീയർക്കു് എഴുത്തച്ഛൻെറയും രാമായണങ്ങൾകൊണ്ടു കൃതാർത്ഥത നേടാൻ സാധിച്ചിരിക്കണം.

ഹിന്ദി ഭാഷ ദക്ഷിണേന്ത്യയിൽ പ്രചരിക്കാൻ തുടങ്ങിയതോടുകൂടി തുളസീദാസൻെറ വിശ്വോത്തരഗ്രന്ഥത്തെക്കുറിച്ചും നമ്മൾ ഏതാണ്ടിപ്പോൾ മനസ്സിലാക്കാൻ ആരംഭിച്ചിട്ടുണ്ടെന്നുള്ളതു് ആശാസ്യംതന്നെ.

മഹാത്മജി തുളസീദാസ് രാമായണത്തെക്കുറിച്ചു് ഇങ്ങനെയാണഭിപ്രായപ്പെട്ടിട്ടുള്ളതു്:—

"ഭക്തിസമ്പന്നനായ ഒരു മഹാകവിയാണു തുളസീദാസ്. ഹൈന്ദവജനതയ്ക്കു കല്പാന്തരസ്ഥായിയായ ഒരു വിശിഷ്ടഗ്രന്ഥം സമർപ്പിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും അദ്ദേഹത്തിനുള്ള ഭക്തി പ്രാചുര്യത്തിനൊരുദാഹരണമാണു്. സാഹിത്യപരമായി നോക്കുമ്പോളും തുളസീദാസ് രാമായണം മേലേക്കിടയിൽ നില്ക്കുന്നു. പക്ഷേ, ഭക്തിയിൽ അലിഞ്ഞലിഞ്ഞു ചേരുന്ന സാഹിത്യത്തിനാണു് അദ്ദേഹം സ്ഥാനം കല്പിച്ചിരിക്കുന്നതെന്നേയുള്ളു. ഭക്തിയിലൂടെ ആത്മീയാനന്ദം കൈവരണമെന്ന മഹത്തായ ഉദ്ദേശ്യം പുരസ്കരിച്ചുകൊണ്ടാണു് അദ്ദേഹം മാനസസരസ്സുപോലെ അഗാധവും, വിസ്തൃതവും, പവിത്രവും, ആകർഷകവുമായ രാമചരിതമാനസം വിരചിച്ചതു്. ലൌകികജ്ഞാനത്തിനു കല്പിക്കപ്പെട്ട സാധാരണനില, ചാരിത്രശുദ്ധമാക്കി ഉയർത്തുവാനും തദ്വാരാ മാനവസമു

ദായം നിത്യനിർവൃതി സമാർജ്ജിക്കാനും രാമായണം ആരേയും സഹായിക്കുന്നുണ്ടു്. ഭക്തിസംവർദ്ധനയ്ക്കു സദാചാരം പശ്ചാത്തലമായിരിക്കണം. അത്തരമൊരു അടിസ്ഥാനത്തിലെ ഭക്തി വിജയിക്കൂ. ബാലിശപ്രകൃതികളായവരേക്കൂടി യഥാർത്ഥഭക്തരാക്കി മാററുവാനും, അവരിൽ സത്യം, ദയ, സമസൃഷ്ടിസ്നേഹം, ഔദാര്യം എന്നിങ്ങനെയുള്ള വിശിഷ്ടഗുണങ്ങൾ അങ്കുരിപ്പിച്ചു ബലിഷ്ഠമാക്കാനും രാമചരിതമാനസത്തിനു കരുത്തുണ്ടു്. മനുഷ്യരെങ്ങനെ ഭക്തരായി മാറും എന്നൊരു ചോദ്യത്തിനു ഗീതയുണ്ടല്ലോ മതിയായ സമാധാനം തരാൻ. ഗീതയുടെ നിർദ്ദേശം എങ്ങനെ പ്രായോഗികതയിലേക്കടുക്കുന്നു എന്നു തുളസീദാസൻ അദ്ദേഹത്തിൻെറ ഗ്രന്ഥംവഴി അനുവാചകലോകത്തെ മനസ്സിലാക്കിക്കൊടുക്കുന്നുണ്ടു്.”

ഗാന്ധിജിയുടെ പാവനഹൃദയത്തിൽ രാമചരിതമാനസത്തിനു അദ്ദേഹം കല്പിച്ചുകൊടുത്തിട്ടുള്ള സ്ഥാനമെന്തെന്നും എത്രത്തോളമെന്നും നമുക്കിതിൽനിന്നറിയാം.

ഇന്ത്യയിലെ സർവ്വകലാവല്ലഭന്മാരിൽ ഒരാളായ മദനമോഹനമാളവ്യയും രാമചരിത മാനസത്തെ പ്രകീർത്തിച്ചിട്ടുണ്ടു്. അദ്ദേഹം പ്രസ്താവിക്കുകയാണു്.

“ഗോസ്വാമി തുളസീദാസ് വിരചിച്ചിട്ടുള്ള മാനസരാമായണം, അഥവാ രാമചരിതമാനസം, ലോകസാഹിത്യത്തിലെ പേരും പെരുമയുമുള്ള ഗ്രന്ഥങ്ങളിലൊന്നാണു്. വേദേതിഹാസദർശന പുരാണങ്ങളുടെയെല്ലാം സാരം രാമായണത്തിൽ ഉള്ളടക്കിയിട്ടുണ്ടു്. ബ്രാഹ്മണർക്കും, ക്ഷത്രിയർക്കും, വൈശ്യർക്കും, ശൂദ്രർക്കും, പഞ്ചമന്മാർക്കും, ബ്രഹ്മചാരികൾക്കും, ഗൃഹസ്ഥന്മാർക്കും വാനപ്രസ്ഥർക്കും, മുമുക്ഷുക്കൾക്കും വേണ്ടതെല്ലാം നല്കുന്ന കാമസുരഭിയാണു് മാനസരാമായണം. ജ്ഞാനം, ഭക്തി, വൈരാഗ്യം എന്നീ ത്രിവേണികളുടെ സംഗമസ്ഥാനമാണു് പ്രസ്തുതഗ്രന്ഥം. ഇന്നലത്തേയും, ഇന്നത്തേയും, നാളത്തേയും ലോകത്തിന്നു രാമായണം അത്യന്താപേക്ഷിതമാണു്. രാമചരിതമാനസം സംസാരമലമോചനാർത്ഥം സൃഷ്ടിക്കപ്പെട്ടിരിക്കുന്ന ഒരു ശുദ്ധ വിജ്ഞാനക്കടലാണു്.

ആനന്ദം കൊതിയ്ക്കുന്നവർക്കും താങ്ങും തണലും കൊടുക്കുന്ന ദേവമന്ദാരമാണു് മാനസരാമായണം.

ഗോസ്വാമി തുളസീദാസൻെറ പവിത്രഗ്രന്ഥം എത്ര സമുന്നതമായ ഒരു സ്ഥാനത്താണു് പരിശോഭിക്കുന്നതെന്ന വസ്തുത അറിഞ്ഞിട്ടില്ലാത്ത ജനങ്ങൾ ഇന്നു ലോകത്തിൽ വളരെയുണ്ടു്. ഇന്ന

ല്ലെങ്കിൽ നാളെ അവരതു ഗ്രഹിക്കും അഥവാ ആ പരിശുദ്ധഗ്രന്ഥം അവക്കു അപരിഹാര്യമായ ഒന്നായി സ്വീകരിക്കപ്പെടും. മാനവസമുദായത്തിന്നു നിത്യാനന്ദം നല്കുവാനാണ് രാമായണം വിരചിക്കപ്പെട്ടിരിക്കുന്നതു്. അതിലെ അല്പം ചില വരികളെങ്കിലും വായിക്കാൻ കഴിഞ്ഞിട്ടുള്ളവരെ മഹാഭാഗ്യവാന്മാരും അനുഗ്രഹീതരുമായിവേണം ഗണിക്കുവാൻ. ഇത്തരം ഗ്രന്ഥങ്ങൾ സാധാരണക്കാക്കു വാങ്ങി വായിക്കാൻ സൌകയ്യം ഉണ്ടാക്കിക്കൊടുക്കുന്നതു ലോകത്തോടു ചെയ്യുന്ന വലിയൊരു സേവനമായിരിക്കും."

സർ. ജി. എ. ഗ്രീയേഴ്സൺ പറയുന്നു രാമചരിതമാനസത്തിനുള്ള ശ്രേഷ്ഠത എത്രത്തോളമെന്നു്.

ആംഗലകവിസാമ്രാട്ടായ ഷേക്സ്പിയരുടെ സമകാലികനായിരുന്നു ക്രിസ്ത്വാബ്ദം 1623-ൽ ദിവംഗതനായ ഗോസ്വാമിതുളസീദാസ്. ഏഷ്യയിലെ ലോകോത്തരകവികളായ് ഗണിക്കാവുന്ന ആറു വ്യക്തികളിൽ ഒരാളാണ് തുളസീദാസ്. അദ്ദേഹത്തെക്കുറിച്ച് എന്താണൊന്നു വർണ്ണിക്കുക! പാശ്ചാത്യസാഹിത്യകാരന്മാർ തുളസീദാസിനെ രാമായണകഥ എഴുതീട്ടുള്ള ഒരു കാഥികനായിട്ടേ അറിഞ്ഞിട്ടുള്ളു. അവരുടെ വീക്ഷണവൃത്തങ്ങളിൽനിന്നു എത്രയോ സമുന്നതമായ ഒരു സ്ഥാനമാണ് അദ്ദേഹത്തിനുള്ളതു്. രാമനെ മററു ഭക്തന്മാരിൽനിന്നു ഏററവും വ്യത്യസ്തനായിട്ടാണ് തുളസീദാസ് കണ്ടിട്ടുള്ളതു്.

രാമചരിതമാനസം ഇന്നും അക്ഷയഭാസ്സോടുകൂടി സ്ഥിതിചെയ്യുന്നു. മാനവസമുദായത്തിൻെറ അശാന്തിയിൽ അവക്കതു ശാന്തിദായകമാണു്.

എല്ലാ ജീവജാലങ്ങളേയും ആത്മാർത്ഥം സ്നേഹിക്കാനും ശുശ്രൂഷിക്കാനും കഴിയുന്നവക്കു മാത്രമേ ഈശ്വരഭക്തനാവാൻ സാധിക്കുകയുള്ളു എന്ന തത്വമാണ് ഗോസ്വാമി തുളസീദാസ് ലോകത്തിന്നു നല്കുന്ന മഹത്തായ സന്ദേശം. ഉത്തരഭാരതത്തിൽ മാനസരാമായണം പരിശുദ്ധ വേദഗ്രന്ഥമായിട്ടാണു കരുതപ്പെടുന്നതു്. പണ്ഡിതനും, പാമരനും, ധനികനും, ദരിദ്രനും. രോഗിയും, അരോഗിയും, വൃദ്ധനും, യുവാവും എന്നുവേണ്ട വടക്കെ ഇന്ത്യയിൽ എല്ലാവരും സമാദരിക്കുന്ന ഗ്രന്ഥം മാനസരാമായണം ഒന്നുമാത്രമാണു്. കടിലിലും കൊട്ടാരത്തിലും അതിന്നു പ്രമുഖസ്ഥാനമുണ്ടു്. ഒരഖിലലോകമൈത്രിയാണു തുളസീദാസിൻെറ ലക്ഷ്യം. ആ ലക്ഷ്യപ്രാപ്തിക്കു രാമായണം പ്രചോദനം നല്കുകയും ചെയ്യുന്നുണ്ടു്. ഉത്ത

രേന്ത്യയിൽ ഏതെങ്കിലും വിധത്തിൽ പരന്ത്യ ദേശീയനു സമ്പക്കം പുലത്തണമെന്നുണ്ടെങ്കിൽ നിശ്ചയമായും അയാാം രാമായണം പരിചയിച്ചിരിക്കുകതന്നെ വേണം. എന്നോടിതു പറഞ്ഞതു ഒരു പാതിരിയാണു്. അദ്ദേഹം പറഞ്ഞതു അക്ഷരംപ്രതി പരമാത്ഥമെന്നു അനുഭവംകൊണ്ടു ഞാൻ മനസ്സിലാക്കുകയും ചെയ്തു".

രാമായണത്തെക്കുറിച്ചു പ്രകീത്തിക്കുന്നതു് ഒരു പാശ്ചാത്യനാണെന്ന കഥ നാം മറക്കരുതു്. അദ്ദേഹത്തെക്കൊണ്ടു് ആവിധമെല്ലാം പറയിച്ച രാമചരിതമാനസം നമ്മെ എവിടത്തോളം സമീപിച്ചിട്ടുണ്ടെന്നു് ഒരാത്മപരിശോധന ചെയ്യാൻ ഈ പ്രസ്താവന സഹായിക്കാതിരിക്കയില്ല.

സുപ്രസിദ്ധ ബങ്കാളി വിദ്വാനായ ഹീരേന്ദ്രനാഥദത്തൻ രാമചരിതമാനസത്തെ കാണുന്നതെപ്രകാരമെന്നു നോക്കുക:—

"ചുരുങ്ങിയതു മൂന്നാവത്തി വായിച്ചിട്ടുണ്ടു ഞാൻ രാമചരിതമാനസം. ആ മഹാകാവ്യത്തോടും മഹാകവിയോടും എനിയ്ക്കുള്ള ഭക്ത്യാദരങ്ങളും അപാരങ്ങളാണു്.

അദ്ദേഹത്തിൻെറ രാമൻ വെറും രാമനല്ല. ജ്ഞാനത്തിൻെറയും ഭക്തിയുടേയും സമവായമാണു് അതു്. അദ്ദേഹത്തിൻെറ ആഷപ്രഭാവവും, ലോകരഹസ്യജ്ഞാനവും, സമഭാവനയും, ഭൂതകാരുണ്യവും രാമായണം വഴി അദ്ദേഹം പ്രപഞ്ചനം ചെയ്തിട്ടുണ്ടു്. സാധാരണ വായനക്കാരേപ്പോലും പരിശുദ്ധരാക്കിത്തീക്കാൻ രാമായണത്തിനു കഴിവുണ്ടു്. ഇന്ത്യയിലെ പ്രാദേശികഭാഷകളിൽ എഴുതപ്പെട്ടിട്ടുള്ള വിശിഷ്ടഗ്രന്ഥങ്ങളിലെല്ലാംവെച്ചു മേലേക്കിടയിൽ നില്ക്കുന്നതു മാനസരാമായണം മാത്രമാണെന്നാണു് എൻെറ അഭിപ്രായം. ചില ഭാഗങ്ങളെ സംബന്ധിച്ചിടത്തോളം തുളസീദാസു് രാമായണം, വാല്മീകി രാമായണത്തെക്കാാം സമുന്നതസ്ഥാനമാണഹിക്കുന്നതെന്നുകൂടി ഞാൻ പറയും. അറിയേണ്ടതെല്ലാം അറിയണമെന്നുള്ളവക്കു തുളസീദാസു് രാമായണം ഒരനുഗ്രഹമായിരിക്കും."

സി. വൈ. ചിന്താമണിയേയും രാമചരിതമാനസം ഹഠാദാകഷിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ വാല്മീകിയും ഗോസ്വാമി തുളസീദാസും അവരുടെ ലോകോത്തര രാമായണങ്ങാംകൊണ്ടു അമത്ത്യരായവരാണു്. രാമചരിതമാനസം വാസ്തവത്തിൽ മഹാണ്ണവംതന്നെയാണു്; മാനവലോകത്തിനുള്ള നിത്യാനന്ദമഹാണ്ണവം—അതാണു രാമായണം. രാമഭദ്രൻെറ പ്ര

ജാരക്ഷണ തൽപരതയും, ഭരതലക്ഷ്മണന്മാരുടെ ഭ്രാതൃഭക്തിയും, ശാന്തയുടെ ജ്ഞാനമഹിമയും, ഹനുമാൻെറ സ്വാമിഭക്തിയും എല്ലാക്കാലത്തും, എല്ലാ രാജ്യത്തും ജീവിക്കുന്നവക്കു മഹത്തായ പാഠങ്ങളാണു നല്കിക്കൊണ്ടിരിക്കുന്നതു്.'

ബാബുരാജേന്ദ്രപ്രസാദ് രാമചരിതമാനസത്തെ എങ്ങിനെയാണു വീക്ഷിച്ചിട്ടുള്ളതെന്നറിയാൻ അധോലിഖിതഭാഗം മതിയാകാതിരിക്കയില്ല.

"രാമചരിതമാനസം" രചിച്ച മഹാകവി തുളസീദാസ് ലോകത്തിനൊരമൂല്യസേവനമാണ് സമപ്പിച്ചതു്. സംസ്കൃതഗ്രന്ഥങ്ങൾ നമുക്കു ധാരാളമുണ്ടു്. പക്ഷെ സാധാരണക്കാരുടെ ഇടയിൽ ആ ഭാഷയുമായുള്ള പരിചയക്കുറവുനിമിത്തം അവയ്ക്കു പ്രചാരമില്ല. പണ്ഡിതന്മാക്കു രസിക്കാവുന്നവയാണ് അത്തരം ഗ്രന്ഥങ്ങൾ. മതച്ചടങ്ങുകളിൽ സംസ്കൃതപാരായണം ഉണ്ടാകാറുണ്ടു്. പക്ഷെ അത്തരം ചുറവപാട്ടുകളിലും പാമരജനതയ്ക്കു ഒന്നും ഗ്രഹിക്കാനാവുന്നില്ല. ഒരു ജനകീയ ഗ്രന്ഥമെന്നു വേണം മാനസരാമായണത്തെ പരിഗണിക്കുവാൻ. തുളസീദാസ് രാമായണം നിരവധി സഹസ്രം ജനങ്ങളെ ആത്മജ്ഞാനമുള്ളവരാക്കിത്തീർത്തിട്ടുണ്ടു്. ഇപ്പോഴും അതങ്ങനെതന്നെ. ഭാവിയിലും അതു തുടന്നുപോവുകതന്നെ ചെയ്യും. ഉത്തരേന്ത്യയിലെ ജനങ്ങളുടേതെന്നു പറയാവുന്ന ഒരേ ഒരു ഗ്രന്ഥം വാസ്തവത്തിൽ തുളസീരാമായണമാണ്.

പ്രഭാതത്തിലും, മദ്ധ്യാഹ്നത്തിലും, സായാഹ്നത്തിലും, നിശീഥത്തിലും രാമായണം പാരായണം ചെയ്യുന്ന ഒട്ടനേകം ജനം ഉത്തരഭാരതത്തിൽ ഇപ്പോഴും ഉണ്ടു്. ഭക്തലോകത്തിന്നു ആ രാമായണം ഗീതയോ സാമവേദമോ ആണ്. ഭക്തിസംവൎദ്ധനയ്ക്കു ഇതുപോലെ പററിയ ഒരു ഗ്രന്ഥം വേറെ ഇല്ലെന്നുള്ളതു് അനുഭവസിദ്ധമാകുന്നു.

ഭക്തന്മാരല്ലാത്തവക്കും രസിക്കാനുള്ള സാഹിത്യാംശങ്ങൾ തുളസീദാസ് രാമായണത്തിൽ ധാരാളമുണ്ടു്. ലോകത്തിലെ വിശിഷ്ടഗ്രന്ഥങ്ങളിൽ മാനസരാമായണവും ഒന്നായ് ഗണിക്കപ്പെട്ടിരിക്കുന്നു. പദഭംഗി, ആശയസൌകുമാരം, ഉല്ലേഖകല്പനം എന്നിങ്ങനെ സാഹിത്യത്തിൽ അത്യന്താപേക്ഷിതങ്ങളായ ഉപാധികളെല്ലാം മാനസരാമായണത്തിൽ സുലഭമാണ്.

മഹൽതത്വസംഹിതകൾ ജനങ്ങളുടെ ഇടയിൽ വാരിക്കോരി ചൊരിയുവാൻ രാമായണത്തിനെന്നപോലെ മററൊരു ഗ്രന്ഥത്തിനും കഴിവുണ്ടായിട്ടില്ലെന്നുള്ളതുതന്നെ ഗോസ്വാമി തുളസീദാസ

*

ൻെറ മഹത്വത്തിന്നൊരു മാനദണ്ഡമല്ലേ?"

ഈ അഭിപ്രായങ്ങളിൽനിന്നെല്ലാം എന്താണ് വ്യക്തമാകുന്നതു്? തുളസീദാസ് രാമായണം കേരളീയൎക്കും ഉപേക്ഷിക്കപ്പെടാവുന്ന ഒന്നല്ലെന്ന്. സഹൃദയന്മാർ മാനസരാമായണത്തിന്നു നല്ലൊരു വ്യാഖ്യാനമെഴുതുകയും മുദ്രാലയക്കാർ അതു പ്രസിദ്ധീകരിക്കുകയും ചെയ്യുന്നപക്ഷം കൈരളിക്ക് അതൊരമൂല്യനേട്ടമായിരിക്കും.

——:o:——

# ശ്രീശങ്കരപരീക്ഷ.

(കെ. വി. എം.)

അദ്വൈതവിദ്യാചാൎയ്യനായ ശ്രീ ശങ്കരാചാൎയ്യസ്വാമികൾ ശിഷ്യന്മാരോടുകൂടി ശ്രീകാശിയിൽ താമസിക്കുന്നകാലത്തു ശ്രീശങ്കരൻ (കാശിവിശ്വനാഥൻ) സ്വാമികളെ ഒന്നു പരീക്ഷിക്കുകയുണ്ടായി. ശ്രീ ശങ്കരൻചെയ്ത പരീക്ഷയാകയാലും ശങ്കരാചാൎയ്യരെ പരീക്ഷിച്ചതാകയാലും ആ പരീക്ഷയെ ശ്രീ ശങ്കര പരീക്ഷ എന്നു പറയുന്നു. ആ പരീക്ഷയുടെ വിവരം അറിയുന്നതു വായനക്കാൎക്കു രസകരവും വിജ്ഞാനപ്രദവുമായിരിക്കും.

ആചാൎയ്യസ്വാമികൾ മാദ്ധ്യാഹ്നികംചെയ്യുന്നതിനുവേണ്ടി ഗംഗയിലേക്കു പോകുമ്പോൾ കാശിവിശ്വനാഥൻ ചണ്ഡാലവേഷം ധരിച്ച് നാലു നായ്ക്കളോടുംകൂടി അദ്ദേഹത്തിന്നഭിമുഖമായിച്ചെന്നു. ചണ്ഡാലനെ കണ്ടപ്പോൾ സ്വാമികൾ "മാറിപ്പോ, മാറിപ്പോ" എന്നു വിളിച്ചുപറഞ്ഞു. അതുകേട്ട് ചണ്ഡാലൻ ചോദിച്ചു:—

"അന്നമയാദന്നമയം
ഹ്യഥവാ ചൈതന്യമേവ ചൈതന്യാൽ
ദ്വിജവര! ദൂരീകൎത്തും
വാഞ്ഛസികിം ബ്രൂഹിഗച്ഛ ഗച്ഛേതി"

അർത്ഥം:—അല്ലയോ ദ്വിജശ്രേഷ്ഠ, അങ്ങ്, "മാറിപ്പോ, മാറിപ്പോ" എന്നു പറഞ്ഞുവല്ലോ. ആരെ മാററിനിൎത്തുവാനാണു അങ്ങ് ഉദ്ദേശിക്കുന്നതു്? അന്നമയമായ മററൊരു ശരീരത്തെ അകററുന്നതിന്നോ? അല്ലെങ്കിൽ ചൈതന്യത്തെത്തന്നെ ചൈതന്യത്തിൽനിന്ന് അകററിനിൎത്തുന്നതിന്നോ? അന്നംകൊണ്ടു പോഷിപ്പിക്ക

പ്പെട്ടതായ ശരീരം കേവലം ജഡവും, ചൈതന്യസ്വരൂപനായ ആത്മാവ് ബോധമയനമാകുന്നു. ദേഹത്തെ ദേഹത്തിൽനിന്നു മാററുവാനോ, ആത്മാവിനെ ആത്മാവിൽനിന്നു മാററുവാനോ അങ്ങു ആഗ്രഹിക്കുന്നതു്?

ചണ്ഡാലൻ തുടന്നു:—

കിംഗംഗാംബുനിബിംബിതേംബരമണൌ
ചണ്ഡാലവാടിപയഃ
പൂരേചാന്തരമസ്തികാഞ്ചനഘടീ-
മൃൽകുംഭയോർവ്വാംബരേ
പ്രത്യഗ്വസ്തുനിനിസ്തരംഗസഹജാ-
നന്ദാവബോധാംബുധൌ
വിപ്രോയം ശ്വപചോയമിത്യപിമഹാൻ
കോയംവിഭേദഭ്രമഃ.

അത്ഥം:—ഗംഗാജലത്തിലും ചണ്ഡാലന്മാരുടെ ചേരിയിലുള്ള ജലാശയത്തിലും പ്രതിബിംബിച്ചുകാണുന്ന സൂൎയ്യനിലോ, പൊൻകുടത്തിലും മൺകുടത്തിലുമുള്ള ആകാശത്തിലോ വല്ല അന്തരവും ഉണ്ടോ? സമുദ്രത്തിൽ ജലമെന്നപോലെ ജ്ഞാനാനന്ദങ്ങൾ നിറഞ്ഞിരിക്കുന്ന പ്രത്യഗ്വസ്തുവിൽ (അന്തൎമ്മുഖമായ ബ്രഹ്മത്തിൽ) ഇവൻ ബ്രാഹ്മണനാണ്, ഇവൻ ചണ്ഡാലനാണ് എന്നുള്ള വലുതായ ഭേദബുദ്ധി എന്താണുണ്ടാവുന്നതു്? അങ്ങു ബ്രാഹ്മണനാണെന്നും ഞാൻ ചണ്ഡാലനാണെന്നുമുള്ള ഭേദബുദ്ധികാരണമായിട്ടാണല്ലൊ അങ്ങെന്നോടു് മാറിപ്പോകുവാൻ പറഞ്ഞതു്. അങ്ങനെയൊരു ഭേദബുദ്ധിജ്ഞാനികൾക്കുണ്ടാകുവാൻ പാടില്ലാത്തതാണ്.

മേൽപ്രകാരമുള്ള ചണ്ഡാലവാക്യം കേട്ടപ്പോൾ അതു വെറും ചണ്ഡാലനല്ലെന്നും, തന്നെ പരീക്ഷിപ്പാൻ വന്നിരിക്കുന്ന പരമശിവൻതന്നെയാണെന്നും സ്വാമികൾ അന്തർദൃഷ്ടികൊണ്ടു കണ്ടറിഞ്ഞു. എന്നിട്ടു ചണ്ഡാലൻെറ ചോദ്യത്തിന്നു അഞ്ചു ശ്ലോകങ്ങളെക്കൊണ്ടു് സ്വാമികൾ ഉത്തരം നൽകി. അതുകേട്ടു സന്തുഷ്ടനായ പരമശിവൻ സ്വന്തം രൂപത്തിൽ പ്രത്യക്ഷീഭവിച്ചു. ചണ്ഡാലൻെറ സ്ഥാനത്തു ശിവൻെറ രൂപവും നായ്ക്കളുടെസ്ഥാനത്തു നാലു വേദങ്ങളുടെ സ്വരൂപവും കാണപ്പെട്ടു. എന്നിട്ടു ഭഗവാൻ അരുളിച്ചെയ്തു;—"വത്സാ, നിൻെറ തപശ്ശക്തിയേയും ജ്ഞാനത്തേയും

പരീക്ഷിക്കുവാനാണു ഞാനീരൂപത്തിൽ വന്നതു്. ജ്ഞാനിയായ ഭവാൻ ബ്രഹ്മസൂത്രത്തിനു ഒരു ഭാഷ്യം നിർമ്മിക്കണം. ബ്രഹ്മസൂത്രത്തിന്റെ ആന്തരാർത്ഥം എന്റെ അനുഗ്രഹത്താൽ അങ്ങയുടെ മനസ്സിൽ സ്പഷ്ടമായി തോന്നും.

ഇങ്ങനെ അരുളിച്ചെയ്തു് പരമശിവൻ അന്തർദ്ധാനംചെയ്കയും അവിടത്തെ അനുഗ്രഹത്താൽ സ്വാമികൾക്കു ബ്രഹ്മസൂത്രത്തിന്റെ ആന്തരാർത്ഥം കരതലാമലകംപോലെ മനസ്സിൽ തോന്നുകയും ചെയ്തു. അതനുസരിച്ചാണു് സ്വാമികൾ മഹത്തായ ബ്രഹ്മസൂത്രഭാഷ്യം നിർമ്മിച്ചതു്.

ചണ്ഡാലവേഷധാരിയായ ശ്രീ ശങ്കരന്റെ ചോദ്യത്തിന്നുത്തരമായി സ്വാമികൾ പറഞ്ഞ അഞ്ചു ശ്ലോകങ്ങൾക്കു് "മനീഷാ പഞ്ചകം" എന്നു പേർ പറയുന്നു. ആ അഞ്ചു ശ്ലോകങ്ങളാണു് അന്വയത്തോടും സാരാർത്ഥത്തോടുംകൂടി താഴെ എഴുതുന്നതു്:—

ജാഗ്രൽ സ്വപ്നസുഷുപ്തിഷു സ്ഫുടതരാ-
യാ സംവിദുജ്ജൃംഭതേ
യാ ബ്രഹ്മാദി പിപീലികാന്ത തനുഷു
പ്രോതാ ജഗൽ സാക്ഷിണീ
സൈവാഹം ന ച ദൃശ്യവസ്ത്വിതി ദൃഢാ
പ്രജ്ഞാപിയസ്യാസ്തിചേ-
ച്ചണ്ഡാലോസ്തു സതു ദ്വിജോസ്തു ഗുരുരി-
ത്യേഷാ മനീഷാ മമ.

അന്വയം —ജാഗ്രൽ സ്വപ്നസുഷുപ്തിഷു (ജാഗ്രത്തു്, സ്വപ്നം, സുഷുപ്തി എന്നിവയിൽ) സ്ഫുടതരാ (ഏററവും സ്ഫുടമായ) യാസംവിൽ (യാതൊരു ചൈതന്യം) ഉജ്ജൃംഭതേ (പ്രകാശിക്കുന്നു) ജഗൽ സാക്ഷിണീ (ജഗത്തുകൾക്കെല്ലാം സാക്ഷിണിയായ) യാ (യാതൊരു ചൈതന്യം) ബ്രഹ്മാദിപിപീലി കാന്ത തനുഷു (ബ്രഹ്മാവു മുതൽ പിപീലിക=ഉറുമ്പു് വരെയുള്ള ശരീരങ്ങളിൽ) പ്രോതാ )പ്രോതയായി=തുന്നപ്പെട്ടതായി ഭവിക്കുന്നു) സാ ഏവ അഹം (ആ സംവിത്തുതന്നെയാണു് ഞാൻ) ദൃശ്യവസ്തു നച (ദൃശ്യമായ=കാണപ്പെടുന്നതായ വസ്തു=പ്രപഞ്ചം അല്ല) ഇതി (എന്നിങ്ങനെയുള്ള) ദൃഢാപ്രജ്ഞാ (ഉറപ്പോടുകൂടിയ ബുദ്ധി) യസ്യ അസ്തിചേൽ (യാവനൊരുത്തനുണ്ടെങ്കിൽ) സഃതു (അവനാകട്ടെ) ചണ്ഡാലഃ അസ്തു ദ്വിജഃ അസ്തു (ചണ്ഡാലനായി ഭവിക്കട്ടെ, ബ്രാഹ്മണനായി ഭവി

ക്കട്ടെ) ഗുരുഃ (ഗുരുവാകുന്നു) ഇതി ഏഷാ (എന്നുള്ളതാണ്) മമ മനീഷാ (എന്റെ വിചാരം.)

സാരം—ജാഗ്രത്ത്, സ്വപ്നം, സുഷുപ്തി എന്ന മൂന്നവസ്ഥകളിലും അതിസ്പഷ്ടമായി പ്രകാശിക്കുന്നതും സർവ്വലോകങ്ങൾക്കും സാക്ഷിയായി ബ്രഹ്മാവു മുതൽ ഉറുമ്പുവരെയുള്ള സകല ശരീരങ്ങളിലും അനുപ്രവേശിച്ചിരിക്കുന്നതുമായി യാതൊരു ചൈതന്യമുണ്ടോ ആ ചൈതന്യം തന്നെയാണ ഞാൻ, അതല്ലാതെ നാനാരൂപേണ കാണപ്പെടുന്ന പ്രപഞ്ചമല്ല എന്ന ദൃഢബുദ്ധി ആൎക്കുണ്ടോ അവൻ ചണ്ഡാലനായാലും വേണ്ടില്ല, ബ്രാഹ്മണനായാലും വേണ്ടില്ല, വന്ദനീയനായ ഗുരുവാകുന്നുവെന്നാണ് എന്റെ മതം.

ബ്രഹ്മൈവാഹമിദം ജഗച്ചസകലം
ചിന്മാത്രവിസ്താരിതം
സർവ്വംചൈതദവിദ്യയാത്രിഗുണയാ
ശേഷം മയാകല്പിതം
ഇത്ഥംയസ്യദൃഢാമതിഃ സുഖതരേ
നിത്യേപരേ നിർമ്മലേ
ചണ്ഡാലോസ്തുസതു ദ്വിജോസ്തുഗുരുവി-
ത്യേഷാമനീഷാ മമ. 2

അന്വയം—ബ്രഹ്മ ഏവ അഹം (ബ്രഹ്മം തന്നെയാണ് ഞാൻ) ഇദം ജഗൽസകലം ച (ഈ ജഗത്തുമുഴുവനും) ചിന്മാത്രവിസ്താരിതം (ചിന്മാത്രത്താൽ=ചൈതന്യമാത്രത്താൽ വിസ്തരിക്കപ്പെട്ടതാകുന്നു.) ഏതൽ സർവ്വംച (ഈ കാണപ്പെടുന്നതെല്ലാം) ത്രിഗുണയാ (സത്വം, രജസ്സ്, തമസ്സ് എന്ന മൂന്നു ഗുണങ്ങളോടുകൂടിയ) അവിദ്യയാ (അവിദ്യ - മായയാലും) ശേഷം (ശേഷമായിട്ടുള്ളത്) മയാ (എന്നാലും) കല്പിതം (കല്പിക്കപ്പെട്ടതാകുന്നു) ഇത്ഥം (ഇപ്രകാരം) യസ്യ (യാതൊരുവന്നു്) സുഖതരേ (പരമാനന്ദസ്വരൂപവും) നിത്യേ (നാശമില്ലാത്തതും നിർമ്മലേ (നിർമ്മലവുമായ) പരേ (പരമവസ്തുവിൽ = പരബ്രഹ്മത്തിൽ) ദൃഢാമതിഃഭവതി (ഉറപ്പോടുകൂടിയ ബുദ്ധി ഭവിക്കുന്നുവോ) സഃതു (അവനാകട്ടെ) ചണ്ഡാലഃഅസ്തുഃദ്വിജഃ അസ്തു (ചണ്ഡാലനാകട്ടെ, ബ്രാഹ്മണനാകട്ടെ) ഗുരുഃ (ഗുരുവാകുന്നു) ഇതി ഏഷാ (എന്നുള്ളതാണ് മമമനീഷാ (എന്റെ വിചാരം.)

സാരം—“ഞാൻ ബ്രഹ്മംതന്നെയാകുന്നു. ഈ ജഗത്താസക

UNIVERSITY LIBRARY ... 1953

ലം ചൈതന്യമാത്രത്താൽ വലുതാക്കി പ്രകാശിക്കപ്പെട്ടതാകുന്നു. ഇക്കാണുന്നതൊക്കെയും സത്വരജസ്തമോ ഗുണമയിയായ മായയാലും കഴിച്ചു ബാക്കിയുള്ളതു എന്നാലും കല്പിക്കപ്പെട്ടതാകുന്നു". ഇപ്രകാരം യാതൊരുവനു പരമാനന്ദസ്വരൂപവും നിത്യവും പരിശുദ്ധവുമായ പരബ്രഹ്മത്തിൽ മനസ്സുറച്ചിരിക്കുന്നുവോ അവൻ ചണ്ഡാലനായാലും, ബ്രാഹ്മണനായാലും ഗുരുവാണെന്നാകുന്നു എന്റെ മതം.

ശശ്വന്നശ്വരമേവ വിശ്വമഖിലം
നിശ്ചിത്യവാചാഗുരോ-
ർന്നിത്യം ബ്രഹ്മനിരന്തരം വിമൃശതാ
നിർവ്വ്യാജശാന്താത്മനാ
ഭൂതം ഭാവിച ദുഷ്കൃതം പ്രദഹതാ
സംവിന്മയേ പാവകേ
പ്രാരബ്ധായ സമർപ്പിതം സ്വവപുരി-
ത്യേഷാമനീഷാമമ 3

അന്വയം— അഖിലം വിശ്വം (സകല പ്രപഞ്ചത്തേയും) ശശ്വൽ (എല്ലായ്പോഴും) നശ്വരം ഏവ (നശിച്ചു പോകുന്നതായിട്ടു നിശ്ചിത്യ (നിശ്ചയിച്ചിട്ട്") ഗുരോഃ വാചാ (ഗുരുവിന്റെ ഉപദേശത്താൽ) നിത്യം (അനശ്വരമായ) ബ്രഹ്മ (ബ്രഹ്മത്തെ) നിരന്തരം (ഇടവിടാതെ) വിമൃശതാ (വിചാരിച്ചുകൊണ്ടിരിക്കുന്നവനായും) നിർവ്വ്യാജ ശാന്താത്മനാ (നിർവ്വ്യാജ=നിർമ്മലവും ശാന്തവുമായ മനസ്സോടുകൂടിയവനായും) ഭൂതം ഭാവി ച (ഭൂതവും ഭാവിയുമായ) ദുഷ്കൃതം (ദുഷ്കർമ്മത്തെ) സംവിന്മയേ (സംവിത്ത് = ബ്രഹ്മചൈതന്യം ആകുന്ന) പാവകേ (അഗ്നിയിൽ) പ്രദഹതാ (പ്രകർഷേണ ദഹിപ്പിക്കുന്നവനായുമിരിക്കുന്ന) പുരുഷേണ (പുരുഷനാൽ) സ്വ വപുഃ (തന്റെ ശരീരം) പ്രാരബ്ധായ (പ്രാരബ്ധത്തിന്നായിക്കൊണ്ട്) സമർപ്പിതം (സമർപ്പിക്കപ്പെട്ടതാകുന്നു) ഇതി ഏഷ (എന്നുള്ളതാണ്) മമ മനീഷാ (എന്റെ വിചാരം)

സാരം— ഈ കാണപ്പെടുന്ന പ്രപഞ്ചം മുഴുവനും എപ്പോഴും നശിച്ചു പോകുന്നതാണെന്നുറച്ചു, ഗുരൂപദേശത്താൽ അനശ്വരമായ പരബ്രഹ്മത്തെ ഇടവിടാതെ വിചാരിക്കുന്നവനും, പരമശാന്തമായ മനസ്സോടുകൂടിയവനും, കഴിഞ്ഞുപോയതും വരുവാൻ പോകുന്നതുമായ ദുഷ്കർമ്മം മുഴുവനും ബ്രഹ്മാഗ്നിയിൽ ഹോമിച്ച് ദഹിപ്പിക്കുന്നവനുമായ പുരുഷനാൽ തന്റെ ശരീരം പ്രാരബ്ധത്തിന്നായിക്കൊ

ണ്ട് സമൎപ്പിക്കപ്പെട്ടതാകുന്നു (അങ്ങനെയുള്ള ജ്ഞാനി ജീവനോടു കൂടിയിരുന്നു് ലൗകികങ്ങളായ കൎമ്മങ്ങളെ ചെയ്താലും അവന്നു കൎമ്മലേപം ഭവിക്കുകയില്ല) എന്നാണ് എന്റെ മതം.

യാതിര്യങ്നരദേവതാഭിരഹമി-
ത്യന്തഃസ്ഫുടാഗൃഹ്യതേ
യദ്ഭാസാഹൃദയാക്ഷദേഹവിഷയാ-
ഭാന്തിസ്വതോഽചേതനാഃ
താംഭാസ്യൈഃ പിഹിതാൎക്കമണ്ഡലനിഭാം
സ്ഫൂൎത്തിംസദാഭാവയൻ
യോഗീനിർവൃതമാനസോഹിഗുരുരി-
ത്യേഷാമനീഷാമമ. 4

അന്വയം— യാ (യാതൊന്നു്) തിര്യങ്നരദേവതാഭിഃ (പക്ഷിമൃഗാദികളായ തിൎയ്യക്കുകളാലും മനുഷ്യരാലും ദേവന്മാരാലും) അന്തഃ (ഉള്ളിൽ) അഹം ഇതി (ഞാൻ എന്നിങ്ങനെ) സ്ഫുടാ (സ്പഷ്ടയായിട്ടു്) ഗൃഹ്യതേ (ഗ്രഹിക്കപ്പെടുന്നു) യദ്ഭാസം (യാതൊന്നിന്റെ പ്രകാശത്താൽ) സ്വതഃ (സ്വതേ) അചേതനാഃ (അചേതനങ്ങളായ) ഹൃദയാക്ഷദേഹവിഷയാഃ (ഹൃദയം, അക്ഷങ്ങൾ =ഇന്ദ്രിയങ്ങൾ ദേഹം ഇന്ദ്രിയവിഷയങ്ങൾ എന്നിവ) ഭാന്തി (ശോഭിക്കുന്നു) സം (അപ്രകാരമിരിക്കുന്നതും) ഭാസ്യൈഃ (ഭാസ്യങ്ങളായ=പ്രകാശിപ്പിക്കപ്പെടുവാൻ യോഗ്യങ്ങളായ വസ്തുക്കളാൽ) പിഹിതാൎക്കമണ്ഡലനിഭാം (പിഹിതമായ മൂടപ്പെട്ട അൎക്കമണ്ഡലത്തോടു് തുല്യമായ) സ്ഫൂൎത്തിം (ചൈതന്യത്തെ) സദാ (എല്ലാസമയത്തും) ഭാവയൻ (ധ്യാനിച്ചുകൊണ്ടിരിക്കുന്നവനും) നിർവൃതമാനസഃ (നിർവൃതമായ-സുഖിതമായ മനസ്സോടുകൂടിയവനുമായ യോഗീ (യോഗി) ഗുരുഃ (ഗുരുവാകുന്നു) ഇതി ഏഷാ (എന്നുള്ളതാണ്) മമ മനീഷാ (എന്റെ വിചാരം.)

സാരം—പക്ഷിമൃഗാദികളായി വിശേഷബുദ്ധിയില്ലാത്ത ജന്തുക്കളാലും മനുഷ്യരാലും ദേവന്മാരാലും താന്താങ്ങളുടെ ഉള്ളിൽ "ഞാൻ, ഞാൻ" എന്നിങ്ങനെ യാതൊരു ചൈതന്യമാണോ അറിയപ്പെടുന്നതു് സ്വതേ അചേതനങ്ങളായ ഹൃദയം ഇന്ദ്രിയങ്ങൾ ദേഹം ഇന്ദ്രിയഗ്രാഹ്യങ്ങളായ ശബ്ദാദികൾ എന്നിവ യാതൊരു ചൈതന്യത്തിന്റെ പ്രകാശത്താലാണോ പ്രകാശിക്കുന്നതു്", അപ്രകാരമിരിക്കുന്നതും മേഘം മുതലായ ഭാസ്യവസ്തുക്കളാൽ മൂടപ്പെട്ട

സൂര്യമണ്ഡലത്തോടു സദൃശവുമായ ചൈതന്യപ്രകാശത്തെ സകലസമയത്തും ധ്യാനിച്ചുകൊണ്ടു സുഖിതമായ മനസ്സോടുകൂടിയിരിക്കുന്ന യോഗി ഗുരുവാണെന്നാകുന്നു എന്റെ മതം. (സ്വതേ പ്രകാശമില്ലാത്ത മേഘാദികളാൽ മൂടപ്പെട്ടുകിടക്കുന്ന സൂര്യമണ്ഡലമെന്നപോലെ അചേതനങ്ങളായ വിഷയങ്ങളാൽ ആവരണം ചെയ്യപ്പെടുന്ന അതിസൂക്ഷ്മമായ ബ്രഹ്മത്തെ ആർ അറിയുന്നുവോ അവനാണു യോഗി അവൻ ചണ്ഡാലനായാലും ബ്രാഹ്മണനായാലും ഗുരുവാകുന്നുവെന്നു സാരം)

യൽസൗഖ്യാംബുധിലേശലേശതയിമേ
    ശക്രാദയോ നിർവൃതാ
യച്ചിത്തേനിതരാം പ്രശാന്തകലനേ
    ലബ്ധ്വാമുനിർനിർവൃതഃ
യസ്മിൻ നിത്യസുഖാംബുധൗഗളിതധീർ-
    ബ്രഹ്മൈവനബ്രഹ്മവി-
ദ്യഃകശ്ചിൽ സ സുരേന്ദ്ര വന്ദിതപദോ
    നൂനം മനീഷാ മമ. 5

അന്വയം—യൽ , . . . . ലേശതഃ (യാതൊരു സൌജന്യം—ആനന്ദം ആകുന്ന സമുദ്രത്തിന്റെ ലേശലേശത്താൽ: ഏററവും ചെറുതായ അംശത്താൽ) ഇമേശക്രാദയഃ (ഈശക്രൻ=ഇന്ദ്രൻ തുടങ്ങിയുള്ളവർ) നിർവൃതാഃ (സുഖിതന്മാരായി ഭവിക്കുന്നു) യൽ (യാതൊന്നിനെ) നിതരാം (ഏററവും) പ്രശാന്തകലനേ (പ്രശാന്തമായ കലനത്തോടു=ചിന്തയോടുകൂടിയ) ചിത്തേ (മനസ്സിൽ) ലബ്ധ്വാ (ലഭിച്ചിട്ട്) മുനിഃ (മുനി) നിർവൃതഃ (സുഖിതനായിഭവിക്കുന്നു) നിത്യസുഖാംബുധൗ (നിത്യാനന്ദസമുദ്രമായ) യസ്മിൻ (യാതൊന്നിൽ) ഗളിതധീഃ (ഗളിതമായ ബുദ്ധിയോടുകൂടിയ) യഃ കശ്ചിൽ (ഏതെങ്കിലുമൊരുവൻ) ബ്രഹ്മവിൽന (ബ്രഹ്മവിത്ത്=ബ്രഹ്മത്തെ അറിയുന്നവൻ ആയിട്ടല്ലാ? ബ്രഹ്മഏവ ഭവതി (ബ്രഹ്മമായിത്തന്നെ ഭവിക്കുന്നു) സഃ (അവൻ) നൂനം (തീർച്ചയായും) സുരേന്ദ്രവന്ദിതപദഃ (സുരേന്ദ്രനാൽ=ദേവേന്ദ്രനാൽ വന്ദിക്കപ്പെട്ട പദത്തോടുകൂടിയവനാകുന്നു) ഇതിമമ മനീഷാ (എന്നാകുന്നു എന്റെ വിചാരം.)

സാരം— സമുദ്രംപോലെ അപാരമായിരിക്കുന്ന യാതൊരു ബ്രഹ്മാനന്ദത്തിന്റെ ഏററവും ചെറിയ ഒരംശം ലഭിക്കുകയാൽ ഇന്ദ്രാദികൾ സുഖിതന്മാരായി ഭവിക്കുന്നു, യാതൊരു ബ്രഹ്മത്തെ പ്രശാന്ത

മായ മനസ്സിൽ ധ്യാനദൃഷ്ടികൊണ്ടു കണ്ടിട്ടു് യോഗയുക്തനായ മുനി സുഖിതനായി ഭവിക്കുന്നു, നിത്യാനന്ദസമുദ്രമായ ആ പരബ്രഹ്മത്തെ അനുഭവിച്ചു് വിഗളിത വേദ്യാന്തരനായി ചമഞ്ഞ എതൊരുവനും ബ്രഹ്മജ്ഞൻ മാത്രമല്ലാ ബ്രഹ്മംതന്നെയായി ഭവിച്ചു് ഇന്ദ്രനാൽക്കൂടി വന്ദിതമായ പാദത്തോടുകൂടിയവനായിതീരുന്നു എന്നാണു എന്റെ വിചാരം,

# തിരു മങ്കൈ ആഴ്‌വാർ

ടി. അമ്മിണി അമ്മ.

വൈഷ്ണവ മതപ്രചരണാർത്ഥം ദക്ഷിണഭാരതത്തിൽ തിരുവവതാരം ചെയ്ത പന്ത്രണ്ടു് ആഴ്‌വാർമാരിൽ നമ്മുടെ ചരിത്രപുരുഷൻ ഒടുവിലത്തെ ആഴ്‌വാരാണ്. ഈ പന്ത്രണ്ടാഴ്‌വാർമാരേയും ദ്രാവിഡർ ഇന്നും വെച്ചു പൂജിക്കുന്നുണ്ടു്. ആഴ്‌വാർ എന്നതിന്നു പകരം ചിലർ ആൾവാർ എന്ന പദം ഉപയോഗിക്കുന്നുണ്ടു്. ആൾവാർ എന്നതു് ആഴ്‌വാർ എന്നതിന്റെ തത്ഭവമായിട്ടേ—അർത്ഥത്തിന്നു വ്യത്യാസമുണ്ടെങ്കിലും—വിചാരിക്കേണ്ടതുള്ളൂ. ഭഗവൽഭക്തിയിൽ നിമഗ്നനായവൻ—ആഴ്‌വാർ; എന്നാൽ "ആളുന്നവർ അഥവാ രക്ഷിതാവു്" എന്നു മാത്രമേ ആൾവാർ പദത്തിന്നർത്ഥമുള്ളൂ. അതെ, സംസാരസാഗരത്തിൽനിന്നും ഉദ്ധരിക്കുന്ന "രക്ഷിതാവു്" എന്നുമാകാം; എന്നാലും ശ്രീ വൈഷ്ണവ ഋഷീശ്വരന്മാരായ പന്ത്രണ്ടു് ആഴ്‌വാർമാർക്കും മേല്പറഞ്ഞതിൽ ഏതു സ്ഥാനമാണു കൂടുതൽ യോജിപ്പായിരിക്കുന്നതു് എന്നു വായനക്കാർ തീർച്ചയാക്കിയാൽ മതി.

ഇവരുടെ ജ്ഞാനോപദേശ മാർഗ്ഗത്തിന്റെ ദിഗ്ദർശനമിങ്ങനെയാണ്. "ഈശ്വരസത്തയെ വിശ്വസിക്കുക; സ്വാർത്ഥത്തെ ത്യജിച്ചു സർവ്വ കർമ്മങ്ങളും ഈശ്വരാരാധനാ സങ്കല്പമായി അനുഷ്ഠിക്കുക; ബുദ്ധിക്കു ശുദ്ധിയും ഏകാഗ്രതയുമുള്ളവർ ആത്മവിചാരം ചെയ്യുക; അനശ്വരമായ ആനന്ദഘനമായിട്ടുള്ള ആത്മാവാണ് നിജസ്വരൂപമെന്നു ഒന്നാമതായി ആലോചനചെയ്തു നിശ്ചയിക്കുക; ചൈതന്യവസ്തുവായ ആത്മാവു ഒന്നേ ഉള്ളൂ. വ്യാപകരൂപത്തിൽ അതുതന്നെ പരമാത്മാവു്; പരിച്ഛിന്ന രൂപത്തിൽ അതുതന്നെ ജീ

വാത്മാവു്; നാനാശരീരങ്ങളാൽ അവിച്ഛിന്നമായ ചൈതന്യവസ്തുവും ലക്ഷണഭേദമില്ലാത്തതുകൊണ്ടു ഒന്നുതന്നെ, വെവ്വേറെ അല്ല എന്നു വിചാരിച്ചറിയുക; അങ്ങനെ വിചാരദ്വാരാ ആത്മതത്വത്തെ നിശ്ചയിച്ചറിഞ്ഞവക്കു് ക്രമേണ സാധനകൾകൊണ്ടും ഈശ്വരാനുഗ്രഹംകൊണ്ടു അനുഭവംകൊണ്ടും അതിനെ അറിഞ്ഞു ആനന്ദിക്കുവാൻ സാധിക്കും എന്നുള്ളതു തീച്ചയാണു്. ഏതു ജാതിയിലോ ഏതു ആശ്രമത്തിലോ, ഏതു ധമ്മത്തിലോ, ഏതു ദേശത്തിലോ ഇരുന്നുകൊള്ളട്ടെ, നിഷ്കാമകമ്മംകൊണ്ടും ഭക്തികൊണ്ടും ഈശ്വരനെ ആരാധിക്കുവാനും ഈശ്വരതത്വത്തെ ആരാഞ്ഞറിഞ്ഞു അനുഭവിച്ചാസ്വദിക്കുവാനും എല്ലാ മനുഷ്യക്കും ഒരുപോലെ അധികാരമുണ്ടു്."

മഹാവിഷ്ണുവിന്റെ അംശാവതാരമായി ശ്രീശാർങ്ഗം മനുഷ്യാകാരമെടുത്തു ഭൂമിയിൽ പിറന്നതാണു തിരുമങ്കൈ ആഴ്‌വാർ എന്നാണു് പരക്കെ വിശ്വസിക്കപ്പെട്ടുവരുന്നതു്. ഇദ്ദേഹത്തിന്റെ സംസ്കൃതപേരു് "പരകാലൻ" എന്നാണു്.

തഞ്ചാവൂർ ജില്ലയിലുൾപ്പെട്ട ശീയ്യാഴിതാലൂക്കിൽ തിരുവാലിതിരുനഗരി വില്ലേജിൽ കരലന്തൂരഗ്രഹാരത്തിൽ ഏ ഡി. 8-ാം നൂറ്റാണ്ടിലാണു് നമ്മുടെ കഥാനായകൻ ജീവിച്ചിരുന്നതു എന്നാണു് പണ്ഡിതാഭിപ്രായം. ഇദ്ദേഹത്തിന്റെ ജന്മദിനം വാഷികോത്സവമായി നവമ്പ്ര് മാസത്തിൽ ആ നാട്ടിലെ ഒരു പ്രധാനക്ഷേത്രമായ വയലാളി മണവാളൻ കോവിലിൽവെച്ചു ഇന്നും മുടങ്ങാതെ കൊണ്ടാടുന്നുണ്ടു്. തിരുമങ്കൈ ആഴ്‌വാർ ജാതിയിൽ ശൂദ്രനായിരുന്നു.

ഇദ്ദേഹത്തിന്റെ ബാല്യകാലത്തെപ്പറ്റി യാതൊന്നും അറിവില്ല. യവ്വനാരംഭത്തോടുകൂടി ഇദ്ദേഹം അന്നത്തെ ചോളരാജാവിന്റെ കീഴിൽ ഒരു പ്രധാനനായകനായിരുന്നു. ആ കാലത്തു നായകന്മാരെ മന്നൻ എന്നഭിസംബോധനം ചെയ്തിരുന്നു. ഇദ്ദേഹം തിരുമങ്കൈ എന്ന നാട്ടിന്റെ നായകനായിരുന്നു. അതിനാൽ ഇദ്ദേഹത്തെ തിരുമങ്കൈ മന്നൻ അഥവാ തിരുമങ്കൈ രാജൻ എന്നു നാട്ടുകാർ വിളിച്ചുവന്നു. നായകനായിരുന്ന കാലത്തു ഇദ്ദേഹം പ്രദശിപ്പിച്ച യുദ്ധവൈദഗ്ദ്ധ്യങ്ങളുടെ ഒരേകദേശ സ്വഭാവം അനന്തരകാലത്തു ഇദ്ദേഹം എഴുതിയ കൃതികളിൽ നിന്നു മനസ്സിലാക്കുവാൻ സാധിക്കും.

വികാരോജ്വലങ്ങളായ തമിഴ്പദ്യങ്ങൾ രചിക്കുന്നതിൽ ഇദ്ദേ

ഹത്തിനുണ്ടായിരുന്ന പാടവം അനിതര സാധാരണമായിരുന്നു.

"വാടിനേൻ—വാടി വരുന്തിനേൻ മനതാൽ" എന്നിങ്ങനെ ആരംഭിച്ചിട്ടുള്ള ആ പ്രകീർത്തിത കീർത്തനം അവസാനിച്ചിട്ടുള്ളതു് "നാരായണ" നാമത്തിനുള്ള സാധകശക്തിയും വൈശിഷ്ട്യവും അനുഭവസിദ്ധമായിട്ടുള്ളതിൽ നിന്നുണ്ടായ പരമാനന്ദാവസ്ഥയിൽ ലയിച്ചുകൊണ്ടിരുന്നതിനെ വ്യക്തപ്പെടുത്തിക്കൊണ്ടാകുന്നു; ആയതു്, 1253 പദ്യങ്ങൾ അടങ്ങീട്ടുള്ള ആറു ഖണ്ഡങ്ങളായിട്ടാണ് എഴുതീട്ടുള്ളതു്. "നമ്മാൾ വാർ" എഴുതീട്ടുള്ള നാലു വേദങ്ങൾക്കു ഇതു ആറു വേദാംഗങ്ങളെന്നവണ്ണം പ്രശോഭിക്കുന്നുണ്ടു്.

തിരുമങ്കൈ ആഴ്വാരുടെ മറെറാരു വിശിഷ്ടകൃതിയാണ് "പെരിയ തിരുമൊഴി" ഇതിൽ ആറദ്ധ്യായങ്ങളിൽകൂടി 1084 പദ്യങ്ങൾ ഉണ്ടു്. ഇതിലെ വിവരണം ഏറെക്കുറെ വിഗ്രഹാരാധന വൈശിഷ്ട്യത്തെക്കുറിച്ചാണ്. വടക്കു ബദരീനാഥം മുതൽ തെക്കു തിരുക്കുറുങ്ങുടിയടക്കമുള്ള ക്ഷേത്രങ്ങളിൽ ആരാധന നടത്തുന്നതിൽ അനുഭവിച്ചു കിടക്കുന്ന മാഹാത്മ്യത്തെക്കുറിച്ചു പെരിയ തിരുമൊഴിയിൽ വർണ്ണിച്ചിട്ടുണ്ടു്. "നാച്ചിയാർ കോവിൽ", "തിരുക്കണ്ണപുരം" എന്നീ രണ്ടു മഹാക്ഷേത്രങ്ങളെ സംബന്ധിച്ചു് ഓരോ ശതകം തന്നെ പാടീട്ടുണ്ടു്. മററു ക്ഷേത്രങ്ങളിലുള്ള ദേവന്മാരെക്കുറിച്ചു സ്തുതിച്ചിട്ടുള്ള പദ്യങ്ങൾ എണ്ണത്തിൽ ചുരുക്കമെങ്കിലും വർണ്ണത്തിൽ ഒട്ടും ചുരുക്കമല്ല. ഇദ്ദേഹം ഉണ്ടാക്കീട്ടുള്ള 108 ദിവ്യദർശനങ്ങളിൽ 86 എണ്ണം സ്വാനുഭവപ്പെട്ട ന്യായം ചൊല്ലീട്ടുള്ളതാണത്രെ. "തിരുക്കുറുന്താണ്ടകം", "തിരുനെടുന്താണ്ടകം", "തിരുവെഴ-കൂട്ടിരുക്കൈ", "ചെറിയ തിരുമടൽ", "പെരിയ തിരുമടൽ" എന്നീ ദിവ്യഗ്രന്ഥങ്ങൾ ഈ മഹാത്മാവിൽ നിന്നു ദ്രാവിഡഭാഷയ്ക്കു ലഭിച്ചിട്ടുള്ള അമൂല്യരത്നങ്ങളാണ്. ഇദ്ദേഹത്തിൻെറ മിക്ക കൃതികളും വിഗ്രഹാരാധനയുടെ മഹിമയേയും അതിനാലുളവാകുന്ന മാനസോല്ലാസത്തേയും അതിൽ തല്പരരായിരിക്കേണ്ട ആവശ്യകതേയും ആണ് ദ്യോതിപ്പിക്കുന്നതു്. വിഗ്രഹാരാധന മനോവൃത്തിയെ ദൈവീകത്വത്തോടു സംയോജിപ്പിക്കുന്നതിനു പര്യാപ്തമായിട്ടുള്ളതാണെന്നു പരക്കെ ബോധ്യപ്പെട്ട വിചാരമാണ്; പക്ഷെ ആ സ്ഥിതിവിട്ടു ഉൾക്കഴ്ചകൾ മുന്നോട്ടു ഗമിക്കേണ്ടതാണെന്നും ആചാര്യന്മാർ കല്പിച്ചിട്ടുണ്ടു്. എന്നാൽ പ്രാകൃതന്മാർക്കു യഥാർത്ഥഭക്തി മനസ്സിൽ വേരൂന്നിക്രമേണ അഭിവൃദ്ധിപ്പെട്ടുവരുവാൻ വിഗ്രഹാരാധനം മാർഗ്ഗദർശകമായിരിക്കണം തി

രുമക്കെ ആഴ്വാർ ദൈവതൽത്തുല്യമായി പ്രതിമയെ ചിന്തിച്ചു പ്രത്യക്ഷാരാധനയ്ക്കുപയുക്തങ്ങളായ കൃതികൾ രചിച്ചിട്ടുള്ളതു്.

ഭക്തിസംവർദ്ധനയ്ക്കു പ്രധാനമാർഗ്ഗമായ വിഗ്രഹാരാധനയിൽ കൂടി പോകാതെ ഇതരവഴികളിൽകൂടി പരമാത്മാപരമപദാനുഗ്രഹത്തിന്നു കൊതിച്ചുപോകുന്നവരെ "കയ്യിലുള്ള ശരത്തിനെ വിട്ടു നിങ്ങളെല്ലാം കാകന്റെ പിന്നാലെ പോകുന്നതെന്തിനു്?" എന്നിങ്ങനെ പരിഹസിച്ചിരുന്നു.

ഇദ്ദേഹത്തിന്റെ കൃതിയായ "രണ്ടു മടലുകളി"ൽ നാലു പുരുഷാർത്ഥങ്ങളെപ്പററി പ്രസ്താവിച്ചിട്ടുള്ളതിൽ തൃതീയപുരുഷാർത്ഥമായ കാമമാണു് അറിവുള്ളവർ നേടേണ്ടതു എന്നു വിവരിച്ചിട്ടുണ്ടു്. മററ മൂന്നു പുരുഷാർത്ഥങ്ങളെ സാധിക്കുവാൻവേണ്ടി പരിശ്രമംചെയ്യുന്ന ജനങ്ങളെ ഇദ്ദേഹം കളിയാക്കുകപോലും ചെയ്യുന്നുണ്ടു്. ഇദ്ദേഹത്തിന്റെ കൃതികളിൽ "പുനരപിജനനം, പുനരപിമരണം പുനരപി ജനനീജഠരേശയനം" എന്ന ചിന്തക്കിടം കൊടുക്കാതെ ഇഹലോകസൌഖ്യസംതൃപ്തിക്കായിക്കൊണ്ടു യത്നം ചെയ്യുന്നവരെക്കുറിച്ചാണു് ഏററിയകൂറം പ്രതിപാദിച്ചിട്ടുള്ളതു്. ഒരു ജാലവിദ്യക്കാരന്റെ പ്രകടനംപോലെ കാമത്തിന്റെ ഉഗ്രമായ ശക്തിയെ ദൈവികത്വത്തിലേയ്ക്കു തിരിച്ചു ഭക്തിയാക്കിപ്പരിണമിപ്പിച്ചിട്ടുള്ളതു്—ഗോപികമാരുടെ ശ്രീകൃഷ്ണപ്രേമംപോലെ ആഴ്വാരുടെ ചിത്തശുദ്ധിയേയും, പ്രത്യഭിജ്ഞാനത്തേയും കരതലാമലകംപോലെ പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്.

"ഭഗവൽ ദർശനത്തിന്നായിക്കൊണ്ടു പൊരിഞ്ഞുകൊണ്ടിരിക്കുന്ന എന്റെ കണ്ണുകൾക്കു അങ്ങയുടെ തേജോമയമായ സ്വരൂപം കുളക്കെ കാണുന്നതിന്നു എന്നെ അനുവദിക്കയും പുറത്തുവരികയുംചെയ്യുക. എന്തിനായിട്ടാണു ഭഗവാൻ എന്റെ ഹൃദയത്തിൽ കടന്നുകൂടി തസ്കരനെന്നോണം അവിടെ ഒളിഞ്ഞിരിക്കുന്നതു്?" എന്നാണു ആത്മസ്വരൂപനായ ഈശ്വരനോടു ഭക്താഗ്രേസരനായ ആഴ്വാർ ചോദിക്കുന്നതു്.

ഭഗവാന്റെ ദിവ്യസുന്ദരകളേബരം കണ്ടേ കഴിയൂ എന്ന സിദ്ധാന്തത്തോടുകൂടിയ പരമഭക്തനായ ആഴ്വാർ പക്ഷെ അവിടുത്തെ "ചൈതന്യമൂർത്തി" എന്ന ഭാവത്തെ നിരാകരിച്ചിട്ടുണ്ടെങ്കിൽ അതു അദ്ദേഹത്തിന്റെ മനസ്സിലുള്ള ആ ഏകാഗ്രതയുടെ ദാർഢ്യം എന്നു മാത്രമേ പറയേണ്ടതുള്ളു്; അല്ലാതെ ഈ കാരണത്താൽ ചിലർ അദ്ദേഹത്തെ "ചാർവ്വാകൻ" എന്നു പറയുന്നതു അത്ര ശരിയായി

തോന്നുന്നില്ല.

ദിവ്യനായ ആഴ്‌വാർ ഒരു തമിഴ്ഭാഷാ ബഹുശ്രുതനുംകൂടിയായിരുന്നു. തമിഴിലെ നാലുതരം കവിതാനിർമ്മാണസമ്പ്രദായങ്ങളും ഇദ്ദേഹത്തിന്നു വശമാണ്. ആശു (നിമിഷകവനം), വിസ്തര (പരിഷ്കൃതമായതു്) മധുര (മാധുര്യമേറിയതു്), ചിത്ര (ചമൽക്കാരപൂർണ്ണമായതു്). ഇവ നാലും വേണ്ടപോലെ കൈകാര്യം ചെയ്യാനറിഞ്ഞിരുന്നതിനാൽ മഹാപണ്ഡിതന്മാർ ഇദ്ദേഹത്തിന്നു "നാലുകവിപ്പെരുമാൾ" എന്ന മഹനീയ ബിരുദം നൽകീട്ടുണ്ട്.

---

# പുസ്തകാഭിപ്രായം

1. ദക്ഷിണാമൂർത്തിസ്തോത്രം സവ്യാഖ്യാനം വില 2—0—0
2. ദത്താത്രേയാവധൂതഗീത വില 0—8—0

വ്യാഖ്യാതാ—പണ്ഡിററ് പി. ഗോപാലൻനായർ
കൊല്ലങ്കോട്.

**കേരളത്തിൽ ഇന്ന ജീവിച്ചിരിക്കുന്ന മഹാത്മാക്കളിൽ അഗ്രിമസ്ഥാനസ്ഥനും വയോവൃദ്ധനും ജ്ഞാനവൃദ്ധനും വേദാന്തശാസ്ത്രവിജ്ഞാനധുരന്ധരനും ആയ ശ്രീ. പി. ഗോപാലൻനായരുടെ രണ്ടു പുതിയ വ്യാഖ്യാനഗ്രന്ഥങ്ങളാകുന്ന ദക്ഷിണാമൂർത്തിസ്തോത്രവും ദത്താത്രേയാവധൂതഗീതയും, "ശതാർദ്ധിവർഷകങ്ങളിന്നുത്ത ആ നിരന്തരപരിശ്രമി ഇന്നും ഗഹനങ്ങളായ വേദാന്തഗ്രന്ഥങ്ങളെ വ്യാഖ്യാനിക്കുന്നതിൽ നിരതനാകുന്നു എന്ന ആ പരമാർത്ഥം തന്നെ വേദാന്തതത്വപ്രകാശകമായിരിക്കുന്നു. യോഗസ്ഥഃ കുരു കർമ്മാണി, സംഗം ത്യക്ത്വാ ധനഞ്ജയ। സിദ്ധ്യസിദ്ധ്യോഃ സമോ ഭൂത്വാ സമത്വം യോഗ ഉച്യതേ."**

**ശ്രീ ശങ്കരാചാര്യകൃതമായ ഒരു ചെറിയ സ്തോത്രമാണ് ദക്ഷിണാമൂർത്തിസ്തോത്രം. പത്തു ശ്ലോകങ്ങൾ മാത്രമുള്ള ആ ലഘുകൃതിയിൽ ആചാര്യസ്വാമികൾ അഖില വേദാന്തസാരവും സരസമായും സമഗ്രമായും സംഘടിപ്പിച്ചിരിക്കുന്നു എന്നു സർവ്വവിദിതമാണ്. ആ സ്തോത്രത്തിന്ന ശ്രീശങ്കരാചാര്യന്റെ ശിഷ്യപ്രമുഖരിൽ ഒരാളായ വിശ്വരൂപാചാര്യൻ എന്നുകൂടി പേരുള്ള സുരേശ്വരാനന്ദസ്വാമികൾ രചിച്ചിട്ടുള്ള "വാർത്തി"കത്തിന്റെ വിവർത്തനവും സ്തോത്രവ്യാഖ്യാനത്തോടുകൂടി പ്രസ്തുത ഗ്രന്ഥത്തിൽ ഉള്ളതാകുന്നു. വിഷയത്തിന്റെ വിപുലതയും അതു മനസ്സിലാക്കുന്നതിന്നു വേണ്ടിവരുന്ന വ്യഗ്രതയും വിചാരിക്കുമ്പോൾ ശ്രീ ഗോപാലൻനായരുടെ വ്യാഖ്യാനവിവർത്തനങ്ങൾ സമ്മോഹനങ്ങളായിട്ടുണ്ടെന്നു സമ്മതിക്കണം. എന്നാൽ ഗ്രന്ഥം എത്രതന്നെ ലളിതകോമള**

മാക്കുവാൻ സാധിച്ചാലും പ്രസ്തുത വിഷയത്തിൽ തല്പരതയും പ്രാഥമികവിജ്ഞാനവും ഇല്ലാത്ത ഒരാൾക്കും അതിനെ സമീപിക്കുവാനോ ആസ്വദിക്കുവാനോ സാധിക്കുന്നതല്ലെന്നു പറയേണ്ടതില്ലല്ലോ. സസൂക്ഷ്മം പഠിക്കുന്നപക്ഷം വേദാന്തശാസ്ത്രത്തിന്റെ സാരാംശഗ്രഹണം ഈ ഗ്രന്ഥംകൊണ്ടുതന്നെ സാധിക്കാവുന്നതും അതൊരു സ്തോത്രത്തിൽകൂടി നിർവ്വഹിക്കാവുന്നതുമാണ്. ഹൈന്ദവഋഷിവരന്മാരെല്ലാം ഈശ്വരപ്രാർത്ഥനകളിൽകൂടിയാണല്ലോ ജ്ഞാനോപദേശം ചെയ്തിട്ടുള്ളതു്. ശ്രീ ഗോപാലൻനായരുടെ പ്രസ്തുത പരിശ്രമം ഏററവും അഭിനന്ദനീയവും അത്യന്തം പ്രയോജനപ്രദവുമായിരിക്കുന്നു. അതിൽ കവിഞ്ഞ ആ മഹാത്മാവിന്റെ കൃതിയെക്കുറിച്ചു ഞങ്ങൾ എന്തു പറയാനാണു്.

ആത്മസ്വരൂപത്തെ പ്രതിപാദിക്കുന്ന ഗീതകളിൽവെച്ചു അത്യുത്തമഗ്രന്ഥമായ അവധൂതഗീതയെ ഭാഷാഗാനമായി ശ്രീ ഗോപാലൻനായർ 45 കൊല്ലംമുമ്പു പ്രസിദ്ധപ്പെടുത്തിട്ടുള്ളതിന്റെ മൂന്നാമത്തെ പതിപ്പാണു് ഇപ്പോൾ പുറത്തുവന്നിരിക്കുന്ന ദത്താത്രേയാവധൂതഗീത. അതിലെ ഗാനമാധുരി വിഷയക്ലേശത്തെ ലഘൂകരിക്കുകയും ആത്മോന്നതിക്കുതകുന്ന അറിവിനെ ആസ്വാദ്യമാക്കുകയും ചെയ്തിരിക്കുന്നു എന്നു മൊത്തത്തിൽ പറയുവാനേ ഇവിടെ സാധിക്കയുള്ളു. പൊള്ളത്തരവും കള്ളത്തരവും നിറഞ്ഞ ചാരുകഥകളുടെയും രാഗഗാനങ്ങളുടെയും കൊയ്ത്തുകാലമായ ഈ പരിവർത്തനഘട്ടത്തിൽ ചേഷ്ടിക്കുന്ന ശരീരത്തിനുള്ളിൽ സകലത്തിനും പ്രേരകമായിരിക്കുന്ന ഒരു നിത്യശുദ്ധവും ബോധവുമായ ഒരാത്മാവുണ്ടെന്നു വിളിച്ചുപറയുവാനും അതിനെ അറിയുവാനും അനുസരിക്കുവാനുമുള്ള മാർഗ്ഗങ്ങളെ മനസ്സിലാക്കിക്കൊടുക്കുവാനും ശ്രീ ഗോപാലൻനായരെപ്പോലെയുള്ള ഋഷിതുല്യന്മാർക്കല്ലാതെ സാധിക്കുന്നതല്ല. ആഗ്രഹം ആ കൃത്യം പ്രായാധിക്യത്തെയും അനാരോഗ്യത്തെയും വകവെക്കാതെ അനവരതം ആചരിച്ചുകൊണ്ടിരിക്കുന്നു! സർവ്വേശ്വരൻ ആ മഹാത്മാവിനു ദീർഘായുസ്സിനേയും സുദൃഢാരോഗ്യത്തെയും അരുളുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

# സംഗീതരാമായണം

## സീതാകല്യാണം

### സീൻ 1.

മംഗളം

കേദാരഗൌളം—രാഗം (ശ്ലോകം)

ഇന്നും പല്ലവപുഷ്പസൽഫല കദംബാലംബയായ് ഭൂതലേ
മിന്നും കൈരളിയാം സുരദ്രുമമതിൽ തുഞ്ചത്തിരുന്നന്വഹം
മന്ദം ചിദ്രസമാധുരീ മസൃണമാം ഗാനം ചൊരിഞ്ഞ ക്ഷയാ—
നന്ദം നല്കുമജാനപാവന ശുകജ്യോതിസ്സിനായ് കൈതൊഴാം.

ആനന്ദഭൈരവി—രാഗം.

സാനന്ദരൂപം സകലപ്രബോധം
ആനന്ദദാനാമൃത പാരിജാതം
മാനുഷ്യപത്മേഷു രവിസ്വരൂപം
പ്രണൌമി തുഞ്ചത്തെഴുമാര്യപാദം.

(നാന്ദിക്കുശേഷം സൂത്രധാരൻ പ്രവേശിച്ച്)

സൂത്ര:—(സഭ്യരെ തൊഴുതു വന്ദിച്ച്) മാന്യമഹാജനങ്ങളേ! ഞങ്ങൾ ഇന്നു കേരളഗുരുവായ ശ്രീ തുഞ്ചത്തെഴുത്തച്ഛനാലുണ്ടാക്കപ്പെട്ട അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ "വിശ്വാമിത്രന്റെ യാഗരക്ഷാരംഭം മുതൽ സീതാസ്വയംബരം" ഉൾപ്പെടെയുള്ള ഭാഗം നാടകരൂപത്തിൽ അഭിനയിക്കുവാൻ ആഗ്രഹിക്കുന്നു. അഭിനയചാതുൎയ്യമോ സംഗീതപാടവമോ ലേശംപോലുമില്ലാത്ത ഞങ്ങൾക്കു വരാവുന്ന അററകുററങ്ങളെല്ലാം അച്ഛൻ മക്കളെ എന്നപോലെ പൊറുത്തനുഗ്രഹിക്കുവാൻ നിങ്ങളേവരോടും സവിനയം അപേക്ഷിക്കുന്നു.

ശങ്കരാഭരണം—ആദിതാളം.

(എന്നിൽ കനിന്ത ഉൻപൊൻ തിരുമുഖത്തൈക്കാ—എന്ന മട്ട്)

പല്ലവി

ശ്രീരാമ രാമരാമ ശ്രീരാമ ചന്ദ്രജയ
ശ്രീരാമ രാമരാമ ശ്രീരാമ ഭദ്ര ജയ

അനുപല്ലവി

ശ്രീരാമ രാമരാമ സീതാഭിരാമരാമ
ശ്രീരാമ രാമരാമ ലോകാഭിരാമ ജയ
ശ്രീരാമ രാമരാമ രാവണാന്തകരാമ
ശ്രീരാമ മമഹൃദി രമതാം രാമരാമ

ചരണം

ശ്രീരാഘവാത്മരാമ ശ്രീരാമ രമാപതെ
ശ്രീരാമ രമണീയ വിഗ്രഹ നമോസ്തുതെ
നാരായണായ നമോ നാരായണായ നമോ
നാരായണായ നമോ നാരായണായ നമ

(നടി പ്രവേശിച്ച് സന്തോഷത്തോടെ സൂത്രധാരനോട്)

നടി:—സ്തുതി വളരെ കേമമായി. ഇവിടെ ഇങ്ങനെ നിന്നാൽ പ റ്റില്ല. വേഷങ്ങളെല്ലാം തയ്യാറായി കഴിഞ്ഞു. സമയം വൈകി തുടങ്ങി. എന്തെല്ലാം കാര്യങ്ങളുണ്ടു്!

സൂത്ര:—(ചിരിച്ച്) ഹാ! ഹാ! എന്തൊരുന്മേഷം! എന്തൊരുത്സാഹം!

നടി —(ഉത്സാഹത്തോടെ) ഇതിൽ ഉത്സാഹിച്ചില്ലെങ്കിൽ പിന്നെ എതിലാണ്! എന്തിനാണ്! എന്തിന്നറക്കം!! നമ്മുടെ ദിവ്യഗുരു! ആ മഹാത്മാവിനെ കൊണ്ടാടാത്ത കേരളീയർ കേരളീയരാണോ? കേരളീയരുടെ സകലാഭിവൃദ്ധിക്കും കാരണഭൂതനായ ആ ദിവ്യനെ.

സൂത്ര:—എന്നാൽ സമയം കളയണ്ട. നമുക്കു നാടകം നിവ്വിഘ്നം നടക്കുവാനായി ശ്രീ വിഘ്നേശ്വരനേയും സരസ്വതീദേവിയേയും വന്ദിക്കാം. (ഇരുവരും ഒരുമിച്ച്)

ശഹാനരാഗം—ആദിതാളം

പല്ലവി

കാരണനായ, ഗണനായകൻ ബ്രഹ്മാത്മകൻ
കാരുണ്യമൂർത്തി ശിവശക്തി സംഭവൻ ദേവൻ

അനുപല്ലവി

വാരണ മുഖൻ മമപ്രാരബ്ധ വിഘ്നങ്ങളെ
വാരണം ചെയ്തീടുവാനാവോളം വന്ദിക്കുന്നേൻ

ചരണം

വാണീടുകനാരതം എന്നുടെ നാവുതന്മേൽ
വാണിമാതാവേ വർണ്ണവിഗ്രഹേ വേദാത്മികേ

നാണമെന്നിയെ മമ നാവിന്മേൽ നടനം ചെ
യ്യേണം കാനനെ! യഥാ കാനനേ ദിഗംബരൻ
വാരിജോത്ഭവമുഖ വാരിജ വാസേ ബാലേ
വാരിധിതന്നിൽ തിരമാലകളെന്നപോലെ
ഭാരതീ പദാവലി തോന്നേണം കാലെകാലെ
പാരാതെ സലക്ഷണം മേന്മൽ മംഗളശീലേ

(അണിയറയിൽ "ഓം നമോ നാരായണായ")

സൂത്ര:— ഓ, വിശ്വാമിത്രന്റെ വരവായെന്നു തോന്നുന്നു. എന്നാൽ നമുക്കും അങ്ങോട്ടുപോകാം

(രണ്ടുപേരും പോകുന്നു)

## സീൻ 2.

(ദശരഥന്റെ അരമന—വിശ്വാമിത്രൻ പ്രവേശിക്കുന്നു)

വിശ്വാ:— (പ്രവേശിച്ച്) "ഓം നമോനാരായണായ. ഓം നമോനാരായണായാ" ചൊല്ലിനടക്കുന്നു. വസിഷ്ഠരോടൊപ്പം ബദ്ധപ്പെട്ട് അർഘ്യപാദ്യാദികളെടുപ്പിച്ച് ദശരഥമഹാരാജാവു പ്രവേശിക്കുന്നു. വസിഷ്ഠരും വിശ്വാമിത്രനും പരസ്പരം വിനയാന്വിതരായ് തൊഴുതുവന്ദിക്കുന്നു. ദശരഥൻ വിശ്വാമിത്രനെ പൂജിച്ച് നമസ്കരിക്കുന്നു.)

വസിഷ്ഠൻ:— നമുക്കു ആസ്ഥാനമണ്ഡപത്തിലേക്കു പോകാം

ദശ:— (കല്പനപോലെ) ഭഗവാൻ! ഇതിലേ എഴുന്നള്ളാം.

(എല്ലാവരും പോയി)

## സീൻ 3

ആസ്ഥാനമണ്ഡപം

(വസിഷ്ഠനും വിശ്വാമിത്രനും ഇരിക്കുന്നു. ദശരഥൻ ഭക്തി വിനയാന്വിതനായ് വിശ്വാമിത്രനെ തൊഴുതു നില്ക്കുന്നു)

ദശ:— തപോനിധേ! നിന്തിരുവടി എഴുന്നള്ളിയ മൂലം അടിയങ്ങൾ കൃതാർത്ഥാന്തരാത്മാക്കളായ് ചമഞ്ഞിരിക്കുന്നു. ഭവാദൃശന്മാരുടെ പരിപാവന പാദസ്പർശമേല്ക്കുന്ന ഭൂപ്രദേശം നിത്യമംഗളമായി ഭവിക്കും; എന്നല്ല, അവിടെ സകലസമ്പത്തും താനേവരും. ദയാനിധേ! ഇപ്പോൾ നിന്തിരുവടി എന്തൊന്നു ചിന്തിച്ചെഴുന്നള്ളിയതെന്നു അരുളിച്ചെയ്താലും. എന്നാലാകുന്നതെല്ലാം ഞാൻ മടികൂടാതെ ചെയ്യാം.

വിശ്വാ:— (ഉത്സാഹത്തോടെ) മഹാരാജാവേ! കേട്ടാലും. മാരീചസുബാഹു മുഖ്യന്മാരായ നക്തഞ്ചരന്മാർ ഇരുവരും, അവരുടെ

*

അനുചരന്മാരായുള്ളോരുംകൂടി, ഞാൻ അമാവസിതോറും പിതൃദേവാധികളെ ധ്യാനിച്ച് ചെയ്യുന്ന ഹോമത്തെ മുടക്കുന്നു. അവരെ നിഗ്രഹിച്ച് യാഗത്തെ രക്ഷിപ്പാനായ്, ഹേ! രാജൻ അവിടുന്നു വസിഷ്ഠരുമായാലോചിച്ച് ലക്ഷ്മണ സഹിതം രാമദേവനെ എന്നോടൊപ്പം അയച്ചു തരണം. എല്ലാംകൊണ്ടും അങ്ങേക്കു നല്ലതുവരും.

(ദശരഥൻ ശോകാന്തനായ്, ഇതികർത്തവ്യതാമൂഢനായ്, വസിഷ്ഠനെ നോക്കി അഭയം യാചിക്കുന്നു. വസിഷ്ഠർ അല്പനേരം ദശരഥൻെറ ചെവിയിൽ മന്ത്രിക്കുന്നു.)

ദശ:— (സന്തോഷത്തോടെ) ഭഗവാൻ! അങ്ങയുടെ അഭീഷ്ടംപോലെ (തൊഴുന്നു) (ഉറക്കെ) ആരവിടെ?

(ഒരു തവണക്കാരൻ പ്രവേശിച്ചു തൊഴുന്നു)

ദശ:—(തവണക്കാരനോട്) രാമകുമാരനോടും ഉണ്ണി ലക്ഷ്മണനോടും ഉടനെ ഇങ്ങോട്ടു വരുവാൻ പറയു.

തവ:—സ്വാമി! കല്പനപോലെ (പോകുന്നു)

ദശ:— (വിശ്വാമിത്രനോട്) സ്വാമി! ഉണ്ണികളുടെ ബാല്യാവസ്ഥ തന്നെ കഴിഞ്ഞിട്ടില്ല. ബാലചാപല്യം മാറീട്ടില്ല.

വസിഷ്ഠ:—ഒട്ടും വിചാരപ്പെടേണ്ട. കുമാരന്മാർ ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടുവരും. രാജൻ! സന്തോഷിച്ചാലും.

(രാമലക്ഷ്മണന്മാർ പ്രവേശിക്കുന്നു)

ദശ:— (കുമാരന്മാരോട്) ഉണ്ണികളെ! ഭഗവാൻ വിശ്വാമിത്രമഹർഷി ഇതാ എഴുന്നള്ളിയിരിക്കുന്നു. (ചൂണ്ടികാണിച്ച്) നമസ്കരിച്ചാലും.

(രാമലക്ഷ്മണന്മാർ വിനയാന്വിതരായ് വിശ്വാമിത്രനെ നമസ്കരിക്കുന്നു വിശ്വാമിത്രൻ രണ്ടുപേരുടെയും ശിരസ്സുതൊട്ടനുഗ്രഹിക്കുന്നു. അനന്തരം കുമാരന്മാർ വസിഷ്ഠനേയും പിതാവിനേയും നമസ്കരിക്കുന്നു. വസിഷ്ഠൻ അവരുടെ ശിരസ്സുതൊട്ടു ആശീർവദിക്കുന്നു. ദശരഥൻ രണ്ടുപേരേയും ആലിംഗനം ചെയ്യുന്നു)

ദശ:— (കുമാരന്മാരോട്) മക്കളേ. വിശ്വാമിത്രമഹർഷിയോടൊരുമിച്ചുപോയി നിങ്ങൾ അവിടുത്തെ ആജ്ഞകളെ നിർവ്വിഘ്നം പരിപാലിച്ച് യശസ്വികളായ് വരിക.

(രണ്ടുപേരേയും ചേർത്ത—വിശ്വാമിത്രനോട്) ഭഗവാൻ! ഇതാ അവിടുത്തെ തൃപ്പാദങ്ങളിൽ ഈ രണ്ടു ഓമനസന്താനങ്ങളേയും സമർപ്പിക്കുന്നു. അവിടുന്ന് ഇവരെ ഏറ്റുവാങ്ങി അനുഗ്രഹിച്ചാലും!

(കുമാരന്മാരെ മഹർഷിയെ ഏല്പിക്കുന്നു. മഹർഷി കുമാരന്മാരെ ഏററുവാങ്ങുന്നു. കുമാരന്മാരുടെ മുഖം ഉത്സാഹത്താൽ വികസിച്ച് തേജോമയമാകുന്നു. മഹർഷി രണ്ടുപേരേയും ആശ്ലേഷിക്കുന്നു.)

വസിഷ്ഠ:— കുമാരന്മാർ ചാപതൂണീരബാണഖഡ്ഗപാണികളായ് യാത്രയ്ക്കു സന്നദ്ധരാകുവാനും, അവരുടെ ജനനിമാരുടെ ആശിസ്സേല്ക്കുവാനും കുമാരന്മാരോടുകൂടി നമുക്ക് അന്തഃപുരത്തിലേക്കു പോകാം.

വിശ്വാ:—വളരെ സന്തോഷം (എല്ലാവരും പോകുന്നു.)

## സീൻ 4.

(ഗംഗാനദിക്കു സമീപമുള്ള വനപ്രദേശം രാമലക്ഷ്മണന്മാരോടുകൂടി വിശ്വാമിത്രൻ പ്രവേശിക്കുന്നു.)

വിശ്വാമി—ഉണ്ണികളെ, നിങ്ങൾ നടന്നു ക്ഷീണിച്ചുവശായോ?

രാമൻ—ഭഗവാൻ! ഞങ്ങൾക്കു ഒട്ടും ക്ഷീണമില്ല. ഉത്സാഹം വർദ്ധിക്കുകയാണ് ചെയ്യുന്നത്.

ലക്ഷ്മണ—സ്വാമി! ഓരോ പ്രദേശം കാണുംതോറും ഉന്മേഷം വളരുന്നു. അവിടുത്തെ സന്നിധാനം ഞങ്ങളെ കൂടുതൽ ഉത്സാഹഭരിതരാക്കുന്നു.

വിശ്വാമി— (സന്തോഷത്തോടുകൂടി)

മോഹനരാഗം—ആദിതാളം

പല്ലവി

രാമ രാഘവ രാമ ലക്ഷ്മണ കുമാരാ കേൾ

അനുപല്ലവി

കോമളന്മാരായുള്ള ബാലന്മാരല്ലോ നിങ്ങൾ

ചരണം

ദാഹമെന്തെന്നും വിശപ്പെന്തെന്നുമറിയാത്ത
ദേഹങ്ങളല്ലോ മുന്നം നിങ്ങൾക്കെന്നതുമൂലം
ദാഹവും വിശപ്പുമുണ്ടാകാതെയിരുപ്പാനായ്
മാഹാത്മ്യമേറുന്നോരു വിദ്യകളിവ രണ്ടും
ബാലകന്മാരെ നിങ്ങൾ പഠിച്ചു ജയിച്ചാലും
ബാലയും പുനരതിബാലയും മടിയാതെ.

(വിശ്വാമിത്രൻ രണ്ടുപേരുടേയും ചെവികളിൽ മന്ത്രം ഉപദേശിക്കുന്നു.)

വിശ്വാമി:—അതാ ഗംഗാനദി. നമുക്കു ഈ വഴിയെ ചെന്നു നദി കടക്കാം (എല്ലാവരും ചുററി പോകുന്നു).

## സീൻ 5.

(രാമലക്ഷ്മണന്മാരും വിശ്വാമിത്രനും പ്രവേശിക്കുന്നു)

രാമൻ:—സ്വാമീ! ഈ വനം ഒരു പക്ഷിപോലുമില്ലാതെ നിർജ്ജീവവും ബീഭത്സവും ആയിരിക്കുന്നു.

വിശ്വാമി:—(ഉദ്യോഗത്തോടെ)

ആനന്ദഭൈരവി—ആദിതാളം

പല്ലവി

കാടിതുകണ്ടായോ നീ കാമരൂപിണിയായ
താടകഭയങ്കരി വാണീടുംദേശമല്ലോ

അനുപല്ലവി

അവളെപേടിച്ചാരും നേർവഴി നടപ്പീല
ഭുവനവാസീജനം ഭുവനേശ്വരാപോററി.

ചരണം

രാഘവ സത്യപരാക്രമവാരിധേ രാമ
പോകമാററില്ലീവഴിയാരുമേയിതുകാലം
കൊല്ലേണമവളെ നീ വല്ലജാതിയുമതി-
നില്ലേതും ദോഷമെന്നങ്ങുള്ളത്തിലറിഞ്ഞാലും.

രാമൻ:—ഭഗവാൻ! ഈ ക്ഷണത്തിൽ ഞാനവളെ വധിക്കുന്നുണ്ട്. (ഗൌരവത്തോടെ ചെറുഞാണൊലി മുഴക്കുന്നു.) (അണി അറയിൽ) ഭയങ്കരശബ്ദം "ആരടാ! ആരടാ!! നില്ലടാ! നില്ലടാ!!" താടക അലറുന്നു. രാമൻ ശബ്ദത്തെ ലാക്കാക്കി അസ്ത്രം അയക്കുന്നു. (അണി അറയിൽ) "ഹാ! ഹാ! ഹാ! അയ്യോ! അയ്യോ!!" മരണനാദം മുഴങ്ങുന്നു.

വിശ്വാമി:—(സന്തോഷപരവശനായ് രാമനെ വാരിയണച്ചാശ്ലേഷിക്കുന്നു. നെറുകയിൽ മുഹുരപി ചുംബിക്കുന്നു) "ഭഗവാനെ! ലോകരക്ഷാർത്ഥം അവിടുന്നു സ്വീകരിച്ചിട്ടുള്ള ഒരവതാരമാണിതു എന്നു അടിയനറിയാം. ആരാലും ജയിക്കാൻ സാധിക്കാത്തതായ താടകയേ ഒരൊററ അസ്ത്രംകൊണ്ടു വധിച്ചതിനാൽ ഭൂമിയിലെ പകുതിയിലധികവും ആപത്തൊഴിഞ്ഞു. അവിടുത്തേക്കു അറിവില്ലാത്തതു ഒന്നുമില്ലെങ്കിലും അടിയനു അറിവുള്ളേടത്തോളം ദിവ്യാസ്ത്രങ്ങളെ ഈ ശുഭമുഹൂർത്തത്തിൽ രണ്ടുപേർക്കും ഉപദേശിക്കാം. (രണ്ടുപേരുടേയും ചെവികളിൽ ദിവ്യാസ്ത്രമന്ത്രോപദേശം ചെയ്യുന്നു) "നേരം സന്ധ്യയായിത്തുടങ്ങി. നമുക്കു അടുത്തുള്ള ആശ്രമത്തിൽ ചെന്നു സന്ധ്യാവന്ദനംചെയ്തു് രാത്രി വിശ്രമിക്കാം. (എല്ലാവരും പോകുന്നു).

(തുടരും)